ലക്കം-15/മാർച്ച്, 2014

# ഹവിസ്സ്

ആത്മ സാക്ഷാത്കാരത്തിന്റെ നേർവഴി



സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും നിറങ്ങളാൽ സമ്പന്നമാകട്ടെ
നിങ്ങളുടെ ജീവിതങ്ങൾ.

എല്ലാ വായനക്കാർക്കും ഹോളി ആശംസകൾ.

## കണക്കുകൾ തിരക്കു കൂട്ടുമ്പോൾ... ആമുഖം

തിരക്കുകളുടെ മാസമാണ് മാർച്ച്. കുട്ടികൾക്ക് പരീക്ഷകളുടെ തിരക്ക്, മുതിർന്നവർക്ക് സാമ്പത്തിക വർഷത്തെ കണക്കുകൾ തീർക്കുന്നതിന്റെ തിരക്ക്! രണ്ടു കൂട്ടരും ഒരർത്ഥത്തിൽ അല്ലെങ്കിൽ മറ്റൊരർത്ഥത്തിൽ കണക്കുകൾ തീർക്കുന്നതിന്റെ തിരക്കിലാണ്. കണക്കുകളെല്ലാം നന്നായി തീർത്ത് മനസ്സും ശരീരവും സ്വസ്ഥമാകട്ടെ എന്ന ശുഭാശംസ ഹവിസ്സ് എല്ലാവർക്കും നേരുന്നു.

ജീവിതത്തിന്റെ തിരക്കുകൾക്കിടയിൽ പെട്ട്, കണക്കുകൾ കൂട്ടിയും കുറച്ചും മുന്നേറുമ്പോൾ, മറന്നു പോകുന്ന ചില കണക്കുകൾ ഉണ്ട്. പല കണക്കുകൾ തീർക്കുവാനായി മണ്ടുമ്പോൾ മറുവശത്ത് നാം അറിയാതെ കുന്നു കൂടുന്ന ചില കണക്കുകൾ! ആ ഇരുണ്ട ഏടുകളിലേയ്ക്ക് വെളിച്ചം വീശുവാൻ കൂടി ഈ മാർച്ച് മാസം നമുക്ക് പ്രേരണയാകട്ടെ.

ഉച്ചയുറക്കം ഉണർന്നത് നീണ്ട രോദനം കേട്ടു കൊണ്ടാണ്. അയൽവക്കത്ത് ഒരാൾ യാത്ര അവസാനിപ്പിച്ച് മടങ്ങിയിരിക്കുന്നു. ജീവിതം നീണ്ട ഒരു യാത്രയാണെന്ന് നമുക്കെല്ലാവർക്കും അറിയാം. നമ്മിൽ പലരുടേയും ജീവിതം കണ്ടാൽ, നമുക്ക് ഒരിക്കലും തിരിച്ചു പോകേണ്ടി വരില്ല എന്നു തോന്നും! ചിലർ ലഗ്ഗേജ് കുറച്ച് അനായാസം ഈ യാത്ര ആസ്വദിക്കുന്നു. മററു ചിലർ കൂടുതൽ ലഗ്ഗേജ് കാരണം സമയത്തിന് എത്തിച്ചേരുവാൻ ആകാതെ അഥവാ എത്തിച്ചേർന്നാൽ തന്നെ ഭാരം കയറ്റാനും ഇറക്കാനും ഒതുക്കാനും ആയി സമയം ചെലവഴിച്ച് അവരുടെ യാത്ര സ്വയം ദുരിത പൂർണ്ണമാക്കുന്നു. യാത്രയ്ക്കായും, യാത്രയ്ക്കിടയിലും സ്വരുക്കൂട്ടിയ ലഗ്ഗേജുകൾ ഒഴിവാക്കി, ഏതു നിമിഷവും മടങ്ങിപ്പോകേണ്ട ഒരു യാത്രയിലാണ് നാം എന്ന ബോധം നമ്മെ കൂടുതൽ ഉത്തരവാദിത്വമുള്ളവരാക്കുന്നു.

വെറും കയ്യോടെ വന്നു, വെറും കയ്യോടെ പോകണം എന്നു പറയാറുണ്ട്. ഭൗതീക അർത്ഥത്തിൽ അത് ശരിയായിരിക്കാം. എന്നാൽ ജന്മ–ജന്മങ്ങളായി നാം സ്വരുക്കൂട്ടിയ അനുഗ്രഹങ്ങളുടെയും പുണ്യങ്ങളുടെയും ഭാണ്ഡം നമ്മോടൊപ്പം ഉണ്ടാകും. അതോടൊപ്പം അറിഞ്ഞും അറിയാതെയും നാം ചെയ്തുകൂട്ടിയ വികർമ്മങ്ങളുടെ, നൽകിയ ചെറുതും വലുതുമായ ദുഃഖങ്ങളുടെ, വേദനകളുടെ കണക്കുകളുടെ ഭാണ്ഡവും നാം തന്നെ ചുമക്കണം. നമ്മുടെ ദൃഷ്ടിയിലൂടെ, വാക്കുകളിലൂടെ, വ്യവഹാരത്തിലൂടെ എത്രയോ വേദനകൾ നാം മററുള്ളവർക്കു നിത്യേന പകർന്നു നൽകുന്നു. രോഗിയുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ്, അയാളുടെ ആരോഗ്യത്തിന് ഉതകുന്ന വിധവും, ഭാവിയിൽ പോലും ആരോഗ്യത്തിന് ക്ഷതം തട്ടാത്ത വിധവും ചികിത്സ വിധിക്കുമ്പോൾ മാത്രമേ ഒരു ചികിത്സകൻ തന്റെ ധർമ്മം പാലിക്കുന്നുള്ളൂ. അല്ലാതെയുള്ള ഓരോ ചികിത്സാ വിധിയിലൂടെയും അയാൾ അയാളുടെ വികർമ്മങ്ങളുടെ ഭാണ്ഡം വർദ്ധിപ്പിക്കുകയാണ്. ഇതു ചികിത്സകനു മാത്രമുള്ള വിധിയല്ല, എല്ലാ തൊഴിലുകൾ ചെയ്യുന്നവർക്കും ഒരു തൊഴിലും ചെയ്യാതിരിക്കുന്നവർക്കും ഈ വിധി ബാധകമാണ്. പിതാവിന്റെയോ മാതാവിന്റെയോ പുത്രന്റെയോ പുത്രിയുടേയോ വേഷം അഭിനയിക്കുന്നവർക്കും ഈ വിധി ബാധകമാണ്. നമ്മുടെ ഓരോ വ്യവഹാരവും മററുള്ളവർക്ക് സുഖം പകരുന്നതായിരിക്കണം, ഇന്നും, എന്നും.

അനുഗ്രഹങ്ങളും പുണ്യങ്ങളും ജീവിത യാത്രയിൽ നമുക്കു വെളിച്ചമാകുമ്പോൾ, വികർമ്മങ്ങളുടെ ഭാണ്ഡം യാത്രയ്ക്കിടയിൽ വിഘ്നങ്ങളെ ക്ഷണിച്ചു വരുത്തുന്നു, നമ്മെ പരവശരാക്കുന്നു. ഈ കണക്കുകൾ കൂടി തീർത്തു വേണം നമുക്കു തിരിച്ചു പോകുവാൻ! അവിടെ നമുക്ക് കണക്കുകൾ തീർക്കുവാൻ അദ്ധ്യയന വർഷത്തിന്റെയോ സാമ്പത്തിക വർഷത്തിന്റെയോ അന്ത്യം വരെ കാത്തിരിക്കാം. ഒടുവിൽ മാർച്ചിൽ തിരക്കു കൂട്ടാം. എന്നാൽ, മടങ്ങേണ്ടത് എന്നെന്ന് നിശ്ചയമില്ലാത്ത ഈ യാത്രയിൽ, എല്ലാ ദിവസവും മാർച്ച് 31 നു സമാനമാണ്. ഓരോ നിമിഷവും അവസാന നിമിഷമാണ്. മാററി വയ്ക്കുവാൻ സമയം ഒട്ടും തന്നെ ഇല്ല എന്നർത്ഥം. ഇവിടെയാണ് ആരോഗ്യകരമായ ഒരു ജീവിത ശൈലി പിന്തുടരേണ്ട ആവശ്യകത ഉടലെടുക്കുന്നത്. നമ്മുടെ സങ്കല്പങ്ങളുടെ, വ്യവഹാരങ്ങളുടെ ശുദ്ധിയിൽ ശ്രദ്ധ ഊന്നിയുള്ള അത്തരമൊരു ജീവിത രീതിയിലൂടെ മാത്രമേ പഴയ കണക്കുകൾ തീരുകയുള്ളൂ, പുതിയ കണക്കുകൾ ഉണ്ടാകാതിരിക്കുകയുള്ളൂ, നമ്മുടെ ഭാഗ്യത്തിന്റെ ബാങ്ക് ബാലൻസ് വർദ്ധിക്കുകയുള്ളൂ. ഇതിനുതകുന്ന ദൃഢ സങ്കല്പങ്ങളിലൂടെ, തീരുമാനങ്ങളിലൂടെ ഓരോ വായനക്കാരന്റെയും ജീവിതം ധന്യമാകുമ്പോൾ ഇവിടെ ഹവിസ്സിന്റെ പിന്നണിയിൽ ഞങ്ങളും കൃതാർത്ഥരാകും.



## താളുകൾ മറിക്കുമ്പോൾ


വിവേക ശകലങ്ങൾ........................ ദാദി ജാനകി

സ്ത്രീ ശാക്തീകരണം ........................രമ്യ, പേരാമ്പ്ര, കോഴിക്കോട്

വിളക്കിനു മുമ്പിൽ........................ശാന്തി ഭായ്, ആലപ്പുഴ

പ്രിയനുവേണ്ടി........................ശ്രീലക്ഷ്മി, കോഴിക്കോട്

കാലം കഥ പറയുന്നു........................പ്രതിഭാ നായർ, മൗണ്ട് ആബു

ടെൻഷൻ ടെൻഷൻ........................ബി. കെ. രാജേഷ് മോഹൻ, ആലപ്പുഴ

വിടപറയും മുമ്പേ........................ഹവിസ്സ് ബ്യൂറൊ

ശിവനും ഭക്തയും........................ബി.കെ. ശോഭാദേവി, തിരുവനന്തപുരം

സംഘർഷമുക്ത ജീവിതം........................ബി.കെ. സുരേന്ദ്രൻ, ബംഗലൂർ

സങ്കല്പം........................ബി. കെ. അനില, തിരുവനന്തപുരം

ശിവനും വാഹനവും........................ബി.കെ. സുഭാഷ്, മൗണ്ട് ആബു

പാരിതോഷികം........................അനിൽ, തിരുവനന്തപുരം

ഉതുപ്പാന്റെ കിണർ........................രവീന്ദ്രൻ പുത്തൂർ, തിരുവനന്തപുരം

ഉപദേശങ്ങൾ........................രഘുനാഥൻ മാമ്പള്ളി, കൊല്ലം

ജീവിതത്തിലെ ഒഴുക്ക്........................സുനിത, പാലക്കാട്

സന്തോഷം പങ്കിടുമ്പോൾ........................അമ്പിളി പ്രസാദ്, മൗണ്ട് ആബു

ആശതൻ പാശം........................ചന്ദ്രശേഖരൻ പാലിയത്ത്, കൊടുങ്ങല്ലൂർ

നേർക്കാഴ്ച........................ഡോ.വത്സലൻ നായർ, മൗണ്ട് ആബു

സേവന വാർത്തകൾ........................ഹവിസ്സ് ബ്യൂറൊ



**ബഹു. ഡോ. ദാദി ജാനകി**
മുഖ്യ പ്രശാസിക, ബ്രഹ്മാകുമാരീസ്

## സത്യസന്ധത പുരോഗതി കൊണ്ടുവരുന്നു.

**എല്ലാത്തിലും ഉപരി നമുക്ക് നമ്മോട് തന്നെ സത്യസന്ധരാകേണ്ടിയിരിക്കുന്നു. നമ്മുടെ കുറവുകൾ നമ്മോട് പോലും സമ്മതിക്കുവാൻ നമുക്ക് ബുദ്ധിമുട്ടാണ്. നമ്മുടെ കുറവുകൾ തിരിച്ചറിയുമ്പോൾ, നമുക്ക് അവയെ അഭിമുഖീകരിക്കുവാനും മുന്നേറുവാനും സാധിക്കും.**

## പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയം



എല്ലാ ജാതിയിലും മതത്തിലും വർഗ്ഗത്തിലും പെട്ട ഞങ്ങൾ 137 രാജ്യങ്ങളിലായി വ്യാപിച്ചിരിക്കുന്ന പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയത്തിന്റെ 9000 രാജയോഗ കേന്ദ്രങ്ങളിൽ നിത്യേന ക്ലാസ്സുകളിൽ പങ്കെടുക്കുന്നു. 55 രാജയോഗ കേന്ദ്രങ്ങളിലൂടെയും അനേകം ശാഖോപശാഖകളിലൂടെയും മലയാളത്തിന്റെ മണ്ണിലും ബ്രഹ്മാകുമാരീസ് അതിന്റെ ജൈത്രയാത്ര തുടരുകയാണ്. എല്ലാ വിശ്വാസ സംഹിതകളെയും ബഹുമാനിക്കുന്ന, യുക്തിയുക്തമായി ആത്മാവിന്റെയും ഈശ്വരന്റെയും, സമയത്തിന്റെയും, കർമ്മത്തിന്റെയും സ്വഭാവ രീതികൾ വിശദീകരിക്കുന്ന, ജ്ഞാനദീപ്തമായ ഒരു ജീവിതരീതി വർണ്ണിക്കുന്ന ആദ്ധ്യാത്മിക പഠനമാണ് ഞങ്ങൾ ഇവിടെ നടത്തുന്നത്.

മനസ്സിനെ ശാന്തമാക്കുന്ന, നമ്മുടെ ആന്തരീകവും ബാഹ്യവുമായ ലോകവുമായി ആരോഗ്യകരമായ ഐക്യം വളർത്തുന്ന, ഒരു ധ്യാന മാർഗ്ഗം ഞങ്ങൾ അഭ്യസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. അനേകം സാമൂഹ്യ പ്രവർത്തനങ്ങളിലൂടെയും സഹയോഗങ്ങളിലൂടെയും ആദ്ധ്യാത്മിക ധാരണയും സമഗ്രമായ നേതൃത്വവും ഞങ്ങൾ പ്രോത്സാഹിപ്പിക്കുകയും കൂടുതൽ മെച്ചപ്പെട്ട ഒരു ലോകത്തിനായി ഉത്കൃഷ്ടമായ കർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നു.

# സ്ത്രീശാക്തീകരണത്തിൽ **ആദ്ധ്യാത്മികതയുടെ പങ്ക്**

രമ്യ, പേരാമ്പ്ര, കോഴിക്കോട്



ഈ ലോകത്ത് ഭംഗിയുള്ളതും തന്നെ ആകർഷിക്കുന്നതുമായ എന്തിനെയും സ്വന്തമാക്കാൻ മനുഷ്യർ പരിശ്രമിക്കുന്നു. അത് ചിലപ്പോൾ പൂക്കളായിരിക്കാം ചിലപ്പോൾ ഭംഗിയുള്ള ഏതെങ്കിലും വസ്തുക്കളായിരിക്കാം. സ്ത്രീയെക്കുറിച്ചുള്ള ഇന്നത്തെ ലോകത്തിന്റെ കാഴ്ച്ചപ്പാടും മറിച്ചല്ല. മനോഹരമായ ഏതൊന്നിനെക്കുറിച്ചും വാഴ്ത്തുന്നതുപോലെ സ്ത്രീയെക്കുറിച്ച് പറയുമ്പോഴും ആദ്യം അവരുടെ സൗന്ദര്യത്തിലേക്കാണ് ശ്രദ്ധ പതിയുന്നത്. കവി ഭാവനകൾ അവരെ പൂവിനോടും പുഴയോടും പ്രകൃതിയോടും ഉപമിച്ചു. കച്ചവടക്കണ്ണുകൾ തങ്ങളുടെ സാധന സാമഗ്രികൾ വിറ്റഴിക്കാനുള്ള പരസ്യ വസ്തുക്കളായി ഉപയോഗിച്ചു. ഈ ലോകം അവരെ ബാഹ്യസൗന്ദര്യത്തിന്റെ പ്രതിബിംബമാക്കി മാറ്റി. കവി വാക്യങ്ങളും മറിച്ചല്ല. ഒരു കവിയുടെ രണ്ട് വരികൾ ഇങ്ങനെ ...

ക്ഷിതേ നിങ്ങൾ പെണ്മക്കൾ
അടുക്കളക്കാരികൾ....
വീടാംകൂട്ടിൽ കുടുംങ്ങും തത്തമ്മകൾ

സ്ത്രീകളുടെ ബാല്യം മാതാപിതാക്കളിലൂടെയും യൗവ്വനം ഭർത്താവിലൂടെയും വാർദ്ധക്യം മക്കളിലൂടെയും പരിരക്ഷിക്കപ്പെടണമെന്ന് മനുസ്മൃതി അനുശാസിക്കുന്നു. ഒരു ഭാഗത്ത് ഇങ്ങനെയൊക്കെ പോകുന്നുണ്ടെങ്കിലും മറുഭാഗത്ത് സ്ത്രീശാക്തീകരണത്തെക്കുറിച്ച് വളരെയധികം ചിന്തിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. സ്ത്രീകൾക്ക് നേരെ ഇത്രയും അത്യാചാരങ്ങൾ ഉണ്ടായ മറ്റൊരു സമയമില്ല. കേരളത്തിലെ സൗമ്യ, ഡൽഹിയിലെ പെൺകുട്ടി ഇവരുടെയൊക്കെ ഓർമ്മകൾ നമ്മുടെയുള്ളിൽ നടുക്കമുണ്ടാക്കുന്നതാണ്. മറുഭാഗത്ത് സ്ത്രീശാക്തീകരണത്തിന് വേണ്ടി പല പരിപാടികളും നടക്കുന്നുണ്ട്. ബോധവത്കരണ ക്ലാസ്സുകളും എന്തിന് കരാട്ടെ ക്ലാസ്സുകൾ പോലും തകൃതിയായി നടക്കുന്നുണ്ട്. എന്നാൽ ഇതൊക്കെ കൊണ്ട് ആത്യന്തിക രക്ഷയുണ്ടോ? ഭൗതീകമായി സ്ത്രീകൾ അടിച്ചമർത്തപ്പെടുന്ന ഈ കാലത്തിൽ നമ്മളൊന്ന് ഭാരതീയ സംസ്കൃതിയിലേക്ക് തിരിഞ്ഞു നോക്കുക. സ്ത്രീയെ പ്രത്യക്ഷ ദേവിയായി കണ്ട ഒരു സംസ്ക്കാരമാണ് നമുക്കുള്ളത്. ഭാരതം അവളെ ദുർഗ്ഗയായും ലക്ഷ്മിയായും ജഗദംബയായും പൂജിച്ചു. ഗംഗയിൽ ദേവീ ഭാവം, ധരണിയിൽ മാതൃഭാവം – ഇങ്ങനെ സകലത്തിലും സ്ത്രീയെ ശ്രേഷ്ഠ ഭാവനയിൽ കണ്ട ഒരു സംസ്ക്കാരത്തിന്റെ പിന്തുടർച്ചാവകാശികളാണ് നമ്മൾ. സ്ത്രീകൾ അടിച്ചമർത്തപ്പെടുന്നു എന്ന് മുറവിളി കൂട്ടിയിട്ട് കാര്യമില്ല. സ്ത്രീയെ വിശ്വമാതാവായിട്ടും ദേവതയായിട്ടും കണ്ട ഒരു സംസ്ക്കാരത്തിൽ നിന്നും കേവലം വില്പനച്ചരക്കുകളായി സ്ത്രീകൾ അധഃപ്പതിക്കാൻ കാരണം അവളിൽ നിന്ന് ആദ്ധ്യാത്മികത നഷ്ടപ്പെട്ടത് കൊണ്ടു മാത്രമാണ്. സ്ത്രീകളെ ആദ്ധ്യാത്മികമായി ഉയർത്താൻ പൊതുസമൂഹം സഹകരിക്കാത്തിടത്തോളം എത്ര ഫെമിനിസം പറഞ്ഞാലും ഇവിടെ സ്ത്രീശാക്തീകരണം നടക്കാൻ പോകുന്നില്ല. അവളുടെ നിർമ്മല ബുദ്ധിയെയും പവിത്രതയെയും തിരിച്ചുകൊണ്ടു വന്നേ പറ്റൂ. ഇത് കേവലം വീൺവാക്കല്ല. ആദ്ധ്യാത്മികതയിലൂടെ സ്ത്രീകളെ നേതൃപാടവത്തിലേക്കും, അപാരമായ കാര്യശേഷിയിലേക്കും ഉയർത്തിയ ബ്രഹ്മാകുമാരീസ് മഹാപ്രസ്ഥാനത്തിലെ അമ്മമാരുടെയും സഹോദരിമാരുടെയും പ്രവർത്തനങ്ങളെ അത്യത്ഭുതത്തോടെ ഈ ലേഖിക പലവട്ടം നോക്കിനിന്നിട്ടുണ്ട്. ആദ്ധ്യാത്മികതയിലൂന്നിയ

ശേഷം 6–ാം പേജിൽ



# വിളക്കിന് മുമ്പിൽ അല്പനേരം

ശാന്തി ഭായ്, ആലപ്പുഴ

'നിൻ ചരിതമോതുവാൻ നിനവിൽ
ഓർമ്മതോന്നണം "പക്ഷേ"
പഞ്ചസായകോപമാണ് മുകുന്ദരാമ പാഹിമാം'

സന്ധ്യാ നാമത്തിലെ ഈ വരികൾ ആരും മറന്നിട്ടുണ്ടാകില്ല എന്നു കരുതുന്നു. ഇന്ന് സന്ധ്യാനാമം ടി.വി-യിൽ കൂടി കേൾക്കുന്ന രീതിയായി മാറിക്കഴിഞ്ഞിരിക്കുന്നു. എന്നിരുന്നാലും ഈ വരികളിലെ അർത്ഥം അറിഞ്ഞ് അത് പാരായണം ചെയ്യുമ്പോൾ അത് ജീവിതത്തിൽ വലിയൊരു വഴിത്തിരിവാകും.

*ഭഗവാനേ, നിന്റെ ചരിതമോതുവാൻ എന്റെ ബുദ്ധിയിൽ ഓർമ്മ തോന്നണം, പക്ഷെ പഞ്ചസായ കോപമാണ് അല്ലയോ മുകുന്ദാ, നിന്നെ ഓർക്കുവാൻ തടസ്സമായിരിക്കുന്നത്.* വല്ല പഞ്ചസാരയുടെ കോപമായിക്കുമെന്നാണ് കുട്ടിയായിരുന്നപ്പോൾ കരുതിയത്. മുതിർന്നപ്പോൾ അതിന്റെ അർത്ഥ വ്യാപ്തി മനസ്സിലാക്കുവാൻ കഴിഞ്ഞു. കാമം, ക്രോധം, ലോഭം, മോഹം, അഹങ്കാരം – തുടങ്ങിയ 5 വികാരങ്ങളാണ് തടസ്സം. സർവ്വശക്തനായ ജഗദീശ്വരനെ തിരിച്ചറിയാൻ കഴിയാത്തതിന്റെ കാരണം ഇവയാണ്. ഇതിന്റെ മായാവലയത്തിൽ നിന്നും എന്നെ രക്ഷിക്കൂ എന്ന് അർത്ഥം അറിയാതെയെങ്കിലും ഭക്തർ പ്രാർത്ഥിക്കുന്നു. സന്ധ്യാനാമം ഇങ്ങനെ തുടരുന്നു...

*'വിത്തമാനമാകണം വിശേഷ ബുദ്ധി തോന്നണം*
*വിശ്വനായകാ വിഭോ മുകുന്ദരാമ പാഹിമാം'*

എന്റെ മനസ്സ് വളരെ വിശാലമാകണം, വിശേഷ ബുദ്ധി തോന്നണം. ആ വിശേഷ ബുദ്ധി – ഞാൻ ആത്മാവാണ് എന്ന തിരിച്ചറിവാണ്. ജനിച്ച്, വളർന്ന്, നരച്ച്, നശിച്ച് പോകുന്ന ദേഹമല്ല ഞാൻ, മറിച്ച് ആത്മാവാണ് എന്ന ബോധം തന്നെയാണ് എല്ലാ ഭക്തി മാർഗ്ഗങ്ങളും അനുശാസിക്കുന്നത്. സംസാര സാഗരത്തിൽ അകപ്പെട്ട നമ്മൾ ഇത് മനസ്സിലാക്കുന്നില്ല. ആത്മാവ് ഒരു ചൈതന്യ പ്രകാശമാണ്. ഇരുപുരിക മദ്ധ്യത്തിൽ അതി സൂക്ഷ്മ ആത്മാവ് വസിക്കുന്നു. ആത്മാവിനെ സ്ഥൂല നേത്രങ്ങൾ കൊണ്ട് കാണുവാൻ കഴിയില്ല. ആത്മാവ് ഒരു അഭൗതിക ഊർജ്ജമാണ്. ഊർജ്ജത്തെ നിർമ്മിക്കുവാനോ നശിപ്പിക്കുവാനോ സാദ്ധ്യമല്ല. ഈ ആത്മചേതനയെ തിരിച്ചറിയുന്നതാണ് ഭക്തന്റെ യഥാർത്ഥ സാധന. കോടിയിൽ ചിലരായിരിക്കാം ഇതിന്റെ സാധന ചെയ്യുന്നത്. അതിലും ചിലരായിരിക്കാം പരമ പവിത്രവും സർവ്വ ഗുണങ്ങളുടെയും സാഗരവുമായ ഈശ്വരനെ അറിയുന്നത്. അതിലും ചിലരായിരിക്കും ഈശ്വരീയ അനുഭൂതി നേടുന്നത്, ഈശ്വരന്റെ വരദാനങ്ങൾ നേടുന്നത്. ഇങ്ങനെയുള്ള ആത്മീയ സാധന ചെയ്താൽ ഉപജീവന മാർഗ്ഗം തടസ്സപ്പെടുകയില്ലേ എന്ന് ചിലർ ചോദിക്കാം. ഉപജീവനത്തിനിടയിൽ ജീവിത മാർഗ്ഗം നാം മറന്നുപോകരുത്. പണത്തിനും പദവിയ്ക്കും വേണ്ടിയുള്ളതല്ല ജീവിതം. ആത്മാവിനെയും പരമാത്മാവിനെയും തിരിച്ചറിഞ്ഞുകൊണ്ടുള്ള ജീവിതമാണ് യഥാർത്ഥ ജീവന മാർഗ്ഗം.



# പ്രിയനുവേണ്ടി

ശ്രീലക്ഷ്മി
ഏഴാം ക്ലാസ്സ്, ഗവ. പുത്തൂർ യു.പി. സ്കൂൾ, കോഴിക്കോട്

എൻ മിഴിയണയില്ല പ്രിയനേ
നിൻ മൊഴിയെന്നെ തഴുകും വരെ

എൻ കർണ്ണമടയില്ല പ്രിയനേ
നിൻ വചസ്സെന്നെ ഉണർത്തും വരെ

എൻ ഹൃത്സ്പന്ദനം നിലയ്ക്കില്ല പ്രിയനേ
നിൻ പ്രേമമെന്നെ തലോടും വരെ

എൻ ശ്വാസമടരില്ല പ്രിയനേ
നിൻ നിശ്വാസമെന്നിൽ ചേരും വരെ

എൻ പാദം തളരില്ല പ്രിയനേ
നിൻ പാതയിലെ പഥികനാകും വരെ

എൻ ഉയിർ പതറില്ല പ്രിയനേ
വൈകുണ്ഡം ഉയിർ കൊള്ളും വരെ.

**സ്ത്രീശാക്തീകരണ...** 4–ാം പേജ് തുടർച്ച

സ്ത്രീ പരിവർത്തനം, കേവലം സ്ത്രീകളെ മാത്രമല്ല ഈ ലോകത്തെ തന്നെയാണ് മാറ്റിമറിക്കുന്നത്. വിശ്വപരിവർത്തനത്തിന്റെ അടിത്തറ സ്ത്രീകളാണത്രേ. കാരണം ഏതു മഹാഗുരുവായാലും ശാസ്ത്രജ്ഞനായാലും വിദ്വാനായാലും അമ്മയിൽ നിന്നാണ് ആദ്യപാഠങ്ങൾ അഭ്യസിക്കുന്നത്. ഇതു പറയുമ്പോൾ ഒരു കഥയാണ് ഓർമ്മ വരുന്നത്. ഒരു കൊടും കുറ്റവാളി വധശിക്ഷയ്ക്ക് വിധിക്കപ്പെട്ടു. തൂക്കിക്കൊല്ലാൻ നേരത്ത് അവസാനമായി എന്തെങ്കിലും ആഗ്രഹമുണ്ടോ എന്ന നിയമപാലകന്റെ ചോദ്യത്തിന് മറുപടിയായി തനിക്ക് അമ്മയെ കാണണമെന്ന് അയാൾ പറഞ്ഞു. അമ്മയെ കണ്ട മാത്രയിൽ ആലിംഗനം ചെയ്യാനെന്ന ഭാവേന അമ്മയുടെ അടുത്ത് പോവുകയും അമ്മയെ ക്രൂരമായി ആക്രമിക്കുകയും ചെയ്തു. അയാളുടെ പ്രവൃത്തി കണ്ട് അമ്പരന്ന പോയ ചുറ്റുമുള്ളവരോടായി അയാൾ പറഞ്ഞു. ഞാൻ ചെറിയ ക്ലാസ്സിൽ പഠിക്കുമ്പോൾ കൂട്ടുകാരന്റെ പേന മോഷ്ടിച്ചു വീട്ടിലെത്തിയ എന്നെ മിടുക്കൻ എന്ന് പറഞ്ഞ് അമ്മ പ്രോത്സാഹിപ്പിച്ചു. ആ പ്രോത്സാഹനമാണ് എന്നെ ഇന്നത്തെ ദുരവസ്ഥയിലെത്തിച്ചത്. അന്ന് എന്നെ ഒന്നു ശാസിച്ചിരുന്നെങ്കിൽ ഞാൻ ഇങ്ങനെയാകുമായിരുന്നില്ല. ഈ കഥ അതിശയോക്തിയായി തോന്നാമെങ്കിലും സൂക്ഷ്മ രീതിയിൽ ചിന്തിച്ചാൽ സമൂഹത്തിന്റെ ഉയർച്ചയ്ക്കും തളർച്ചയ്ക്കും പിന്നിൽ സ്ത്രീകളുടെ പങ്കുണ്ടെന്ന് നമുക്ക് മനസ്സിലാക്കാവുന്നതാണ്. ശിവലിംഗത്തിൽ ധാര ചെയ്യുന്നതായി സങ്കല്പിച്ച് നരേന്ദ്രൻ എന്ന തന്റെ മകനെ കുളിപ്പിച്ചിരുന്ന ഒരമ്മയുടെ കഥയും നമ്മൾ കേട്ടതാണ്. ആ നരേന്ദ്രൻ തന്നെയാണ് വിശ്വവിഖ്യാതനായ വിവേകാനന്ദ സ്വാമികളായി തീർന്നത്. തന്റെ സ്വരൂപത്തെ തിരിച്ചറിയാതെ നഷ്ടപെട്ടു പോയ ശക്തികളെ വീണ്ടെടുക്കാതെ ആദ്ധ്യാത്മികതയിലൂന്നിയ സേവന സംസ്ക്കാരമില്ലാതെ നടക്കുന്ന സ്ത്രീശാക്തീകരണം അർത്ഥശൂന്യമാണ്.

# കാലം കഥ പറയുന്നു...

പ്രതിഭാ നായർ, മൗണ്ട് ആബു



ഈ കഥ തുടങ്ങുന്നത് ഇന്നേയ്ക്ക് ഏഴു ദശകങ്ങൾക്ക് മുമ്പാണ്, കൃത്യമായി പറഞ്ഞാൽ 1936–ൽ. സിന്ധിലെ ധനികനായ ഒരു വജ്ര വ്യാപാരിയായിരുന്ന *ദാദാ ലേഖ്‌രാജ്.* അദ്ദേഹത്തിന് കൊൽക്കൊത്തയിലും മുംബെയിലും വ്യാപാര സ്ഥാപനങ്ങൾ ഉണ്ടായിരുന്നു. അദ്ദേഹത്തിലുള്ള വിശ്വാസം കാരണം അക്കാലത്തെ പല രാജകുടുംബങ്ങളും അദ്ദേഹത്തിന്റെ സ്ഥിരം ഗ്രാഹകരായിരുന്നു. പുത്ര–കളത്രാദികളോടെ സന്തോഷത്തോടെ വാണിരുന്ന അദ്ദേഹം ശ്രീ നാരായണന്റെ നല്ലൊരു ഭക്തൻ കൂടിയായിരുന്നു. ആയിടെയായി അദ്ദേഹത്തിന് നിരന്തരമായി ചില സാക്ഷാത്കാരങ്ങൾ ഉണ്ടാകുകയും വ്യാപാര കാര്യങ്ങളിലുള്ള പ്രതിപത്തി കുറഞ്ഞു വരുകയും ചെയ്തു. ഒരു ദിവസം തന്റെ വീട്ടിൽ ഗുരുവിന്റെ പ്രവചനം നടക്കുകയായിരുന്നു. പതിവിനു വിപരീതമായി പ്രവചനം തീരുന്നതിനു മുമ്പു തന്നെ പെട്ടെന്ന് എഴുന്നേറ്റ് അദ്ദേഹം തന്റെ മുറിയിലേയ്ക്കു പോയി. പിന്തുടർന്നു ചെന്ന മരുമകൾ കണ്ട കാഴ്ച അത്യധികം അതിശയകരമായിരുന്നു. ദാദായുടെ ഉള്ളിൽ ഒരു ചുവന്ന പ്രകാശം ജ്വലിക്കുന്നതായും ആ പ്രകാശം ദാദായുടെ കണ്ണുകളിൽ കൂടി മുറിയിൽ നിറയുന്നതായും അവർ കണ്ടു. അലൗകീകമായ ആ ശോണപ്രഭാപൂരത്തിൽ അന്തിച്ചിരിക്കവേ, മുകളിൽ നിന്നും ഒരു ശബ്ദം അവർ കേട്ടു. ദാദായുടെ മുഖാരവിന്ദത്തിലൂടെ ആ ശബ്ദം നിർഗ്ഗളിക്കുന്നതായി അവർക്ക് അനുഭവപ്പെട്ടു. എന്നാൽ ആ ശബ്ദം ദാദായുടേതല്ല എന്ന് അവർക്ക് ഉറപ്പായിരുന്നു. തുടക്കത്തിൽ വളരെ ശാന്തമായിരുന്ന ആ ശബ്ദം ക്രമേണ ഉച്ചത്തിലായിക്കൊണ്ടിരുന്നു. ആദരയുക്തമായ, ഭയം ജനിപ്പിക്കുന്ന ആ ശബ്ദം ഇപ്രകാരമായിരുന്നു:

നിജാനന്ദ സ്വരൂപം ശിവോഹം ശിവോഹം
ജ്ഞാന സ്വരൂപം ശിവോഹം ശിവോഹം
പ്രകാശ സ്വരൂപം ശിവോഹം ശിവോഹം

ആനന്ദ സ്വരൂപനായ ഞാൻ ശിവനാകുന്നു, ശിവനാകുന്നു
ജ്ഞാന സ്വരൂപനായ ഞാൻ ശിവനാകുന്നു, ശിവനാകുന്നു
പ്രകാശ സ്വരൂപനായ ഞാൻ ശിവനാകുന്നു, ശിവനാകുന്നു

ശേഷം 8–ാം പേജിൽ

# ടെൻഷൻ ടെൻഷൻ

ബി. കെ. രാജേഷ് മോഹൻ, ആലപ്പുഴ

ചില സംഭവങ്ങൾ നമ്മുടെ ശരീരം വലിഞ്ഞ് മുറുക്കുന്ന വിധം ടെൻഷനുണ്ടാക്കുന്നു. പലപ്പോഴും പരിഭ്രമം വർദ്ധിച്ച് കയ്യും കാലുമിട്ടടിക്കാൻ തുടങ്ങുന്നു. നമ്മുടെ നെഞ്ചിടിപ്പ് അടുത്തുനിൽക്കുന്നവർ പോലും കേൾക്കാവുന്ന വിധത്തിലാകും. എന്താണെന്നു തിരിച്ചറിയാനാവാത്ത ദുഃഖം. കടലിൽ മുങ്ങിത്താഴും പോലെയുള്ള ഒരു ഭീതി. ഇതിന്റെയെല്ലാം കാരണം ടെൻഷനാണ്. പലപ്പോഴും ഇങ്ങനെ ടെൻഷനടിക്കുന്നത് ആവിശ്യമില്ലാത്ത കാര്യങ്ങൾക്കാവും. ഉദാഹരണത്തിന് ഒരു സംഭവം പറയാം.

ഒരു പ്രെഫസർക്കു സ്ഥലം മാറ്റമായി. വേറൊരു നാട്ടിൽ പോകേണ്ടി വന്നു. യാത്രയാക്കുവാൻ നാലു സഹപ്രവർത്തകരും റെയിൽവേ സ്റ്റേഷനിൽ ചെന്നു. തീവണ്ടി പുറപ്പെടാൻ അൽപം താമസമുണ്ടെന്നറിഞ്ഞ് അവരൊക്കെ പ്ലാറ്റ് ഫോമിൽ സംസാരിച്ചു കൊണ്ടിരുന്നു. രസം പിടിച്ച സംസാരത്തിനിടയിൽ വണ്ടി നീങ്ങിത്തുടങ്ങിയത് പെട്ടെന്നാണ് അറിഞ്ഞത്. പരിഭ്രമം കാരണം ഏതെങ്കിലും കംമ്പാർട്ടുമെന്റിൽ കയറിപ്പറ്റിയാൽ മതി എന്നായി. അടുത്ത സ്റ്റേഷനിലിറങ്ങി ശരിയായ കംമ്പാർട്ടുമെന്റു കണ്ടുപിടിച്ചു മാറിക്കയറാം എന്നു സമാധാനിച്ചു. കയ്യിൽ പെട്ടിയും കിടക്കയുമായി നിന്ന പ്രെഫസർക്കതിൽ കയറാനായില്ല. പോർട്ടർ സമാധാനിപ്പിച്ചു. സാരമില്ല പത്തു മിനിട്ടു കഴിഞ്ഞാൽ വേറൊരു വണ്ടിയുണ്ട്, അതിൽ പോവാം. പ്രെഫസർ പറഞ്ഞു. പത്തുമിനിട്ടു കഴിഞ്ഞാൽ മറ്റൊരു വണ്ടിയുള്ളതറിയാം, വിഷമം തന്നെക്കുറിച്ചോർത്തല്ല, ഒപ്പം വന്ന സുഹൃത്തുക്കളെ ഓർത്താണ്. അവരെന്നെ യാത്രയാക്കാൻ വന്നതാണ്. പരിഭ്രമം കൊണ്ട് അവരാണാ വണ്ടിയിൽ യാത്രയായത്. പടപടപ്പും പരിഭ്രമവും കാരണം നാം പലതും മറക്കുന്നു. പരിഭ്രമിച്ചിരിക്കുമ്പോൾ നിസ്സാരകാര്യം പോലും എത്ര ബുദ്ധിമുട്ടി ചെയ്താലും പ്രയോജനമുണ്ടാവില്ല.

**കാലം കഥ പറയുന്നു...** 7-ാം പേജ് തുടർച്ച

കുറച്ചു നിമിഷങ്ങൾക്കു ശേഷം ദാദാ കണ്ണുകൾ തുറന്ന് ചുറ്റും നോക്കി. ഞെട്ടലിൽ നിന്നും പൂർണ്ണമായി വിട്ടുമാറിയിരുന്നില്ല അദ്ദേഹം എന്ന് ആ മുഖം വ്യക്തമാക്കുന്നുണ്ടായിരുന്നു. അടുത്തിരുന്നിരുന്ന മരുമകളോട് അദ്ദേഹം പറഞ്ഞു, "അതൊരു പ്രകാശമായിരുന്നു, ഒരു ശക്തിയായിരുന്നു. അത് തീർത്തും പുതിയ ഒരു ലോകമായിരുന്നു. വളരെ ഉയരെ ആരൊക്കെയോ ഉണ്ടായിരുന്നു. നക്ഷത്ര സമാനരായ അവർ താഴേയ്ക്ക് പറന്നിറങ്ങുകയായിരുന്നു. ഭൂമിയിൽ എത്തിയ അവർ രാജകുമാരന്മാരും രാജകുമാരിമാരുമായി തീർന്നു." ആ ശക്തി എന്നോടു പറഞ്ഞു, "ഇതുപോലൊരു ലോകം സ്ഥാപിക്കുവാൻ നീ ആധാരമാകണം."

യഥാർത്ഥത്തിൽ ദാദായ്ക്ക് ഒന്നും മനസ്സിലായില്ല. പിന്നീടുള്ള ദിവസങ്ങളിൽ അന്യാദൃശ്യമായ ഈ പരമ രഹസ്യത്തിന്റെ പൊരുൾ അറിയുവാനുള്ള ചിന്തകളിൽ ദാദാ മുഴുകി. സാക്ഷാത്കാരങ്ങളുടെ വേലിയേററമായിരുന്നു തുടർന്നുള്ള ദിവസങ്ങളിൽ. ഒടുവിൽ കാര്യങ്ങൾക്ക് കൂടുതൽ വ്യക്തത കൈവന്നു തുടങ്ങി. അനശ്വരമായ പരമാത്മ ചൈതന്യം പാരിൽ അവതരിച്ചിരിക്കുന്നു. അശരീരിയായ (ശരീരധാരിയല്ലാത്ത) ഭഗവാൻ തന്റെ ശരീരം നിമിത്തമാക്കിയിരിക്കുന്നു കല്പ-കല്പങ്ങളിലെപ്പോലെ വീണ്ടും ഭഗവാൻ ഗീതാജ്ഞാനം നൽകുകയാണ്. ആ ഗീതാജ്ഞാനം ഉൾക്കൊള്ളുന്നവനാണ് യഥാർത്ഥ അർജ്ജുനൻ. തന്റെ ശരീരമാകുന്ന രഥത്തിൽ പ്രവേശിച്ച് ഭഗവാൻ തന്റെ ജ്ഞാനദാഹം തീർക്കുകയാണ്. തന്റെ പ്രിയ ഭക്തനോടുള്ള വാഗ്ദാനം നിറവേററുവാനും ഭക്തരുടെ ആഗ്രഹങ്ങൾ നിറവേററുവാനും ഭക്തവത്സലനായ ഭഗവാൻ അതീവ രഹസ്യമായി സൃഷ്ടിയിൽ അവതരിച്ചിരിക്കുന്നു. അനശ്വരമായ ആ ഭഗവദ് പ്രേമം ദാദായെ തൃപ്തനാക്കി അങ്ങനെ സൃഷ്ടിയുടെ പുനഃസ്ഥാപനയ്ക്ക് തുടക്കം കുറിക്കപ്പെട്ടു.



# വിട പറയും മുമ്പേ...

ഹവിസ്സ് ബ്യൂറോ

അമ്മ അടുക്കളയിൽ നിന്ന് ജോലിത്തിരക്കിനിടയിൽ വിളിച്ചു പറയുന്നതു കേട്ടാണ് ഞാൻ ഉണർന്നത്.

“എന്തൊരു ഉറക്കമാണ് മോനേ ഇത്, നേരം എത്രയായി എന്നറിയുമോ? ഇന്ന് ആഫീസിൽ ഒന്നും പോകുന്നില്ലെ നീയ്?”

അമ്മയുടെ വിളി കേട്ട ഞാൻ ചാടി എഴുന്നേൽക്കാൻ ശ്രമിച്ചു. പക്ഷേ, എന്റെ കൈകാലുകൾ ഒന്നും അനങ്ങുന്നില്ല. ഞാൻ വീണ്ടും വീണ്ടും ശ്രമിച്ചു നോക്കി. പക്ഷേ, പററുന്നില്ല. ഞാൻ ഉറക്കെ വിളിച്ചു, “അമ്മേ...”. അമ്മ എന്റെ വിളി കേൾക്കുന്നില്ല. എന്റെ കൈകാലുകൾ ഒന്നും അനങ്ങുന്നില്ല എന്ന് ഞാൻ ആർത്തു വിളിച്ചു കരഞ്ഞു. എന്നിട്ടും അമ്മ കേൾക്കുന്നില്ല. ഞാൻ കുറച്ചു നേരം നിലവിളിച്ചു കൊണ്ട് അവിടെത്തന്നെ കിടന്നു. ആരും ഒന്നും കേൾക്കുന്നില്ല. കുറച്ചു കഴിഞ്ഞപ്പോൾ എന്റെ പുന്നാര അമ്മ എന്റെ അടുത്തേയ്ക്ക് തിടുക്കത്തിൽ വന്നു. എന്നിട്ട് എന്നെ വിളിച്ചു. ഞാൻ അനങ്ങുന്നത് കാണാഞ്ഞപ്പോൾ അമ്മ എന്നെ തട്ടി വിളിച്ചു. എന്റെ കൈകാലുകൾ അനക്കുവാൻ ആവുന്നില്ല എന്ന് ഞാൻ അമ്മയോട് പറയുന്നതൊന്നും അമ്മ കേൾക്കുന്നില്ല. ഇപ്പോൾ വാവിട്ട് നിലവിളിച്ചു കൊണ്ട് അമ്മ എന്നെ ഉരുട്ടി വിളിക്കാൻ തുടങ്ങി.

അമ്മയുടെ ഉച്ചത്തിലുള്ള നിലവിളി കേട്ട് ഞങ്ങളുടെ അയൽവാസികൾ എല്ലാവരും ഓടി വരുന്നത് എനിക്ക് കാണാം. അവരോട് വാവിട്ട് നിലവിളിച്ചു കൊണ്ട് അമ്മ പറയുകയാണ്, “ഉറക്കത്തിൽ നിന്നും വിളിക്കുമ്പോൾ എന്റെ മോൻ അനങ്ങുന്നില്ല”.

ഞാൻ ഉറക്കെ പറയാൻ ശ്രമിച്ചു, “എനിക്ക് ഒന്നും സംഭവിച്ചിട്ടില്ല, എന്റെ കൈകാലുകൾ മാത്രം അനക്കാൻ സാധിക്കുന്നില്ല”.

പക്ഷേ അവരാരും എന്റെ സംസാരം കേൾക്കുന്നു പോലുമില്ല. എല്ലാവരും എന്നെ ദയനീയമായി നോക്കുന്നുണ്ട്. എന്റെ അനിയനും അനിയത്തിയും ഒക്കെ വാവിട്ടു നിലവിളിക്കുകയാണ്. അമ്മ വാവിട്ടു കരഞ്ഞുകൊണ്ടേ ഇരുന്നു.

കുറച്ചു കഴിഞ്ഞപ്പോൾ എന്റെ വീട്ടിൽ ആളുകൾ വന്നു നിറഞ്ഞു. അവരിൽ ചിലർ അടുത്തുള്ളവരോട് ചോദിക്കുന്നത് ഞാൻ കേട്ടു, “എപ്പോഴാണ് മരിച്ചത്?”

ആരോ വെളുത്ത തുണി കൊണ്ട് എന്റെ ശരീരം മൂടി. ഞാൻ അവരോട് ഉറക്കെ വിളിച്ചു പറഞ്ഞു, “ഞാൻ മരിച്ചിട്ടില്ല”, എന്നാൽ എന്നെ ശ്രദ്ധിക്കുന്നതു പോലുമില്ല.

എന്റെ കൂട്ടുകാർ, ബന്ധുക്കൾ എല്ലാവരും ഒററയ്ക്കും കൂട്ടമായും എന്റെ വീട്ടിലേയ്ക്ക് വരുവാൻ തുടങ്ങി. എന്റെ ഒരു അടുത്ത ബന്ധു ഉണ്ട്. അവർക്ക് നടക്കാൻ പോലും പററില്ല. എന്നിട്ടും അവരും വന്നിരിക്കുന്നു. അവർക്ക് കുറച്ചു നാളായി അസുഖമായി കിടപ്പിലായിരുന്നു. അവിടം വരെ

ഒന്ന് പോയിട്ട് വരാൻ അമ്മ എന്നോട് പലവട്ടം പറഞ്ഞിട്ടുണ്ട്. ഞാനും പലപ്പോഴും വിചാരിച്ച താണ് അങ്ങോട്ട് ഒന്ന പോകണം. പക്ഷേ, എന്തൊക്കെയോ തിരക്കുകൾ കാരണം അതു നടന്നില്ല. ഇപ്പോൾ, വയ്യാത്ത ശരീരവും വച്ച്, എന്നെ കാണാൻ അവർ ഇങ്ങോട്ട് വന്നിരിക്കുന്നു. അതിനിടയിലാണ് ഞാൻ മറ്റൊരു കാര്യം ശ്രദ്ധിച്ചത്. എന്റെ വീടിന്റെ തൊട്ടടുത്തുള്ള ഒരു കച്ചവടക്കാരൻ. ഞാൻ ആഫീസിൽ പോകുമ്പോഴും വരുമ്പോഴും അദ്ദേഹം എന്നെ നോക്കുന്നത് ഞാൻ കാണാത്തതു പോലെ നടിച്ചിരുന്നു. ഒരു വട്ടം പോലും അദ്ദേഹത്തോടു സംസാരിക്കു വാൻ ഞാൻ ശ്രമിച്ചിട്ടില്ല. അദ്ദേഹവും എന്നെ കാണാൻ വന്നിരിക്കുന്നു. അതുപോലെ, എന്റെ ഒരു അയൽവാസി. കഴിഞ്ഞ ആഴ്ച ഒരു വാഹനാ പകടത്തിൽ അയാൾക്ക് പരുക്കു പറ്റിയിരുന്നു എന്ന് അമ്മ പറയുന്നതു കേട്ടിരുന്നു. ഒന്നു പോയി കാണുവാൻ എനിക്കു സമയമില്ലായിരുന്നു. അയാളും ഇന്ന് എന്റെ തൊട്ടരുകിൽ നിൽക്കുന്നു.

ഓരോരുത്തരെ ആയി നോക്കുന്നതിനിടയിലാണ് പെട്ടെന്ന് ഞാൻ അത് കണ്ടത്. എന്റെ പഴയ ഒരു മിത്രം മുറിയുടെ മൂലയിൽ ഒററയ്ക്ക് നിന്നു വിതുമ്പുന്നു. എന്റെ ആത്മ സുഹൃത്തായിരുന്ന അവനോട് ഞാൻ പിണങ്ങിയിട്ട് ഇപ്പോൾ മൂന്നു വർഷം കഴിഞ്ഞിരിക്കുന്നു. എത്രയോ തവണ അതിനു ശേഷം അവൻ എന്നോട് കൂട്ടുകൂടാൻ വന്നതാണ്. അപ്പോഴൊക്കെ ഞാൻ മാറി നടന്നു. അവനും എന്നെ നോക്കി കരയുകയാണ്. എനിക്ക് അവനോട് ഒന്നു സംസാരിക്കണം. ഞാൻ അവനെ ഉറക്കെ വിളിച്ചു. പക്ഷേ, അവനും കേൾക്കുന്നില്ല. എന്റെ തലയ്ക്ക് മുകളിൽ ഫാനിന്റെ കറക്കം നിന്നു. മുറി ആകെ ഇരുട്ടായി. ആരോ പറയുന്നതു കേട്ടു, "കറണ്ടു പോയതാണ്".

പെട്ടെന്നാണ്, അമ്മ എന്നെ ഉറക്കെ വിളിച്ചത്, "എന്തൊരു കിടപ്പാടാ ഇത്, ഇന്ന് ആഫീസിൽ ഒന്നും പോണില്ലേ...?"

ഞാൻ ചാടി എഴുന്നേററു. ഞാൻ ആകെ വിയർത്തു കുളിച്ചിരിക്കുന്നു. എന്റെ വെപ്രാളം കണ്ട് അമ്മ ചോദ്യം ആവർത്തിച്ചു.

"ഇല്ലമ്മേ, ഇന്ന് ഞാൻ ആഫീസിൽ പോകുന്നില്ല. നമുക്ക് അമ്മ പറഞ്ഞവരെയും ബന്ധുക്കളെയും എല്ലാം ഇന്ന് തന്നെ കാണാൻ പോകണം. വരുന്ന വഴിക്ക് എന്റെ സുഹൃത്തിന്റെ വീട്ടിലും കയറണം."

ഓർക്കുക, എപ്പോഴും ഇത് സ്വപ്നമായിക്കൊള്ളണം എന്നില്ല. മരണം വിളിപ്പാടകലെയാണ്. ഏതു നിമിഷവും ഇതു പോലെ ഒരു അനുഭവം നമുക്കേ വർക്കും വന്നു ഭവിക്കാം. എല്ലാം നാളേയ്ക്ക് മാററി വയ്ക്കാതെ ഇപ്പോൾ തന്നെ ഒരു തീരുമാനം എടു ക്കുക – സത്കർമ്മങ്ങൾ ചെയ്യുവാൻ, ബന്ധങ്ങൾ ഊട്ടി ഉറപ്പിക്കുവാൻ, എല്ലാവരോടും സ്നേഹ പൂർവ്വം പെരുമാറുവാൻ. അപ്പോൾ, ഏതു നിമിഷവും സന്തോഷവും സമാധാനവും നിറഞ്ഞ മന സ്സോടെ നമുക്ക് മടങ്ങാം.

ഒരു പേജിൽ കൂടാത്ത ലേഖനങ്ങൾ, കവിതകൾ, കഥകൾ... എന്നിവ മലയാളത്തിൽ ടൈപ്പ് ചെയ്ത് havissmonthly@gmail.com എന്ന വിലാസത്തിൽ അയക്കുക.





# ശിവനും ഭക്തയും

ബി.കെ. ശോഭാദേവി, തിരുവനന്തപുരം

മൂന്നുലോകങ്ങളും പിന്നിട്ട് മിന്നലായ് വന്നു
ഉജ്ജ്വല തേജസ്സാർന്ന വരനാമെൻ ശിവൻ
അഗ്നിജ്വാലപോൽ ശോഭ പകർത്തവെ
സൂര്യനോ ഒരു കൊച്ചു താരമായ്ത്തീർന്നു

പരമേശ്വര പ്രഭയാൽ വധുവിൻ വദനം തിളങ്ങി
ഈശ്വര പ്രേമത്താൽ നമ്രശിരസ്കയായ് വധു
വന്നു തൻ വരനാം ശിവൻ അരികിൽ
സർവ്വാഭരണ ഗുണവിഭൂഷിതയായ്

പവിത്രമാം പൊന്നുരുക്കിയ താലിയോ
സത്യവും ശുദ്ധിയും ഇഴയാക്കിയ മാലയിൽ കോർത്ത്
ശ്രീമതമാം മന്ത്രോച്ചാരണത്താൽ
മിന്നുകെട്ടി തൻ വധുവാക്കി വിധിപൂർവ്വം ശിവൻ

താളമേളങ്ങളോടെ ഘോഷയാത്രയായ്
വധു വരനൊപ്പം യാത്രയായ് വരഗൃഹത്തിൽ
അഭൗമമാം ശോഭയാർന്ന ആ നിമിഷമോർത്തു
ജന്മങ്ങളിലെല്ലാം ഈ പതിയെന്നെ വധുവാക്കേണമേ

**Brahma Kumaris® "Peace of Mind" Global Channel - Info-Edutainment News Channel.**
**No Advertisement..**

PEACE OF MIND
CHANNEL

**"Peace of Mind" Channel**
**FRQ: 4054, POL: H, SYM: 13230, INSAT: 4A**
**Request Cable Operators today**
**"C" Band with Mpeg4 Receiver can see FREE LIVE**
**http://pmtv.in, pmtv@bkmail.org**
**SMS to 56161 bktv (Your MSG), +91 9960588432, 8104777111**

# സംഘർഷമുക്ത ജീവിതം – മനഃശക്തീകരണത്തിലൂടെ



ബി.കെ. സുരേന്ദ്രൻ, ബംഗലൂർ

ജീവിതമെന്നത് വളരെ സുന്ദരവും സന്തോഷകരവുമാണെങ്കിലും ഇന്ന് നമുക്ക് പലർക്കും അത് വളരെ ക്ലേശകരമായിട്ടാണ് അനുഭവപ്പെടുന്നത്. ചിന്തിക്കുകയെന്നതാണ് മനസ്സിന്റെ ഏറ്റവും സ്വാഭാവികമായ സ്വഭാവം. എന്നാൽ നമ്മിൽ പലർക്കും എന്ത് ചിന്തിക്കണം, എന്ത് ചിന്തിക്കരുത് എന്നറിയില്ല. ചിന്തിച്ചിട്ട് ചിന്തിക്കണം എന്ന് പറയാറുണ്ട്. നാം എന്താണ് ചിന്തിക്കേണ്ടതെന്ന് ചിന്തിക്കുന്നതിനു മുമ്പ് ചിന്തിക്കാൻ നമുക്ക് പലപ്പോഴും സാധിക്കുന്നില്ല. അനവസരത്തിൽ ആവശ്യമില്ലാത്ത കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുന്നതിനെയാണ് അനാവശ്യമായ ചിന്തകൾ, നകാരാത്മക ചിന്തകൾ, മോശമായ ചിന്തകൾ എന്നൊക്കെ പ്പറയുന്നത്. ഇപ്രകാരത്തിലുള്ള ചിന്തകൾ നമ്മുടെ മനസ്സിനെ മലിനമാക്കുന്നു, അതോടൊപ്പം തന്നെ ശരീരത്തിന്റെ മേൽ സമ്മർദ്ദവും ചെലുത്തുന്നു. ആധുനിക വൈദ്യ ശാസ്ത്രത്തിന്റെ കണക്കനുസരിച്ച് ഇന്നു നാം അഭിമുഖീകരിക്കുന്ന രോഗങ്ങളിൽ ൮൦ ശതമാനവും മനസ്സുമായി ബന്ധപ്പെട്ടിരിക്കുന്നു, ഇതിനെയാണ് സൈക്കോ സൊമാറ്റിക് രോഗങ്ങളെന്നു പറയുന്നത്. എല്ലാ രോഗങ്ങളും ആദ്യം മനസ്സിൽ നിന്നാണ് ആരംഭിക്കുന്നത്. നാം ഏതുപ്രകാരത്തിലുള്ള ചിന്തയാണ് നമ്മുടെ മനസ്സിൽ ഉണ്ടാക്കുന്നത് അതിനനുസരിച്ചാണ് നമുക്കു ചുറ്റുമുള്ള പലതരത്തിൽ പെട്ട വ്യക്തി ബന്ധങ്ങളും നിലനിർത്തപ്പെടുന്നത്. നമ്മുടെ മനസ്സിൽ ഇന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്ന പല ചിന്തകളും നമ്മുടെ മാനസീകവും വൈകാരികവും ശാരീരികവുമായ സുസ്ഥിതിയ്ക്ക് അനുയോജ്യമല്ലാത്തവയാണ്. ഇത് മറ്റുള്ളവരുമായി സമരസപ്പെട്ട് പോകുന്നതിനുള്ള മാനസ്സീക–വൈകാരിക കാര്യക്ഷമതയെ കുറയ്ക്കുന്നു. ഇത് വ്യക്തി ബന്ധങ്ങളിൽ വീണ്ടും സംഘർഷം ഉണ്ടാക്കുകയും തുടർന്ന് ജീവിതത്തിൽ വരുന്ന വിപരീത പരിതസ്ഥിതികളേയും വെല്ലുവിളികളേയും അഭിമുഖീകരിക്കുന്നതിനുള്ള കഴിവ് ഇല്ലാതാക്കുകയും ചെയ്യുന്നു. ഇതിന്റെ ഫലമായി ജീവിതം വീണ്ടും കൂടുതൽ സംഘർഷം നിറഞ്ഞതായിത്തീരുന്നു.

### പ്രകൃതിയും പുരുഷനും തമ്മിലുള്ള ബന്ധം

നമുക്ക് പ്രധാനമായും രണ്ടു പ്രകാരത്തിലുള്ള നിലനിൽപ്പാണ് ഉള്ളത്. അതിലൊന്ന് പ്രകൃതിയും (ശരീരം) രണ്ടാമത്തേത് പുരുഷനുമാണ് (ആത്മാവ് –ജീവശ്ശക്തി). ഈ രണ്ട് കാര്യങ്ങളുടേയും സമന്വിത രൂപമാണ് ഒരു മനുഷ്യൻ എന്നതു കൊണ്ട് വിവക്ഷിക്കുന്നതെന്ന് നമുക്കെല്ലാമറിയാം. ശരിയായിപ്പറഞ്ഞാൽ ജീവശക്തിയാണ് ശരീരത്തെ നിലനിർത്തുന്നത്. ശരീരം ആരോഗ്യമുള്ളതാണെങ്കിൽ ജീവശ്ശക്തിയായ ആത്മാവ് ജീവിതം ആസ്വദിക്കുന്നു. ശരീരത്തിന് അതിന്റേതായ ഭാഗങ്ങൾ ഉള്ളതു പോലെ ജീവശക്തിയ്ക്കും അതിന്റേയായ ഗുണങ്ങളുണ്ട്. അവ ജ്ഞാനം, ശാന്തി, സ്നേഹം, സന്തോഷം, ശുദ്ധി, ശക്തികൾ, ആനന്ദം എന്നിവയാണ്. ഈ പറഞ്ഞ രണ്ട് അസ്ഥിത്വങ്ങളെ സസൂക്ഷ്മമായി പരിശോധിച്ചാൽ ആത്മീക ഊർജ്ജമാണ് ഈ ഭൗതീക ശരീരത്തെപ്പോലും നിലനിർത്തിക്കൊണ്ടു പോകുന്നതെന്ന് മനസ്സിലാക്കാം. ശാരീരികവും മാനസികവുമായ ആരോഗ്യം നിലനിർത്തുന്നതിനുള്ള ഊർജ്ജം സദാ പ്രസരിക്കുന്നത് ഇപ്പറഞ്ഞ ആത്മീക സത്തയിൽ നിന്നുമാണ്. നമ്മുടെ ചിന്തകൾ, വൈകാരിക ഭാവം, കാഴ്ചപ്പാട്, സ്മൃതി എന്നിവയുടെ ആധാരത്തിലാണ് ഈ ഊർജ്ജം ശരീരത്തിലാകമാനം പ്രസരിക്കപ്പെടുന്നത്. എന്നാൽ നമ്മുടെ ചിന്തകൾ വ്യർത്ഥവും നകാരാത്മകതയും കൊണ്ട് മലിനപ്പെട്ടതാണെങ്കിൽ ഇത് ശരീരത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്കുള്ള ഊർജ്ജത്തിന്റെ പ്രസരണം തടസ്സപ്പെടുന്നു. അത് ആ അവയവത്തിൽ പിന്നീട് രോഗങ്ങളായി പ്രത്യക്ഷപ്പെടുന്നു. സന്തോഷം പോലൊരു ടോണിക്കില്ല എന്ന് പറയാറുണ്ട്. ഈ ടോണിക് നാം ദിവസവും കഴിക്കുകയാണെങ്കിൽ നമുക്കൊരിക്കലും അസുഖം വരില്ല. അതുപോലെ അറിവ് ശക്തിയാണെന്നും വെളിച്ചമാണെന്നും പറയാറുണ്ട്. അറിവാണ് നമുക്ക് ശക്തിയും സ്ഥാനവും നൽകുന്നത്. അറിവ് നമ്മെ ഭാര രഹിതമായി വെളിച്ചത്തിൽ ജീവിക്കാൻ സജ്ജമാക്കുന്നു. അറിവ് സാഹചര്യത്തെ വിലയിരുത്തുന്നതിനും തീരുമാനമെടുക്കുന്നതിനും, ഉൾക്കൊള്ളുന്നതിനും അതുമായി പൊരുത്തപ്പെട്ട് പോകുന്നതിനും നമ്മെ സഹായിക്കുന്നു. സാഹചര്യങ്ങളെ അഭിമുഖീകരിച്ച് അതിന്റെ മേൽ വിജയം നേടിത്തരാൻ നമ്മെ സഹായിക്കുന്ന സൂക്ഷ്മമായ ആയുധമാണ് അറിവ്. അറിവെന്നത് ഒരു തരത്തിൽ ജീവാമൃതം തന്നെയാണെന്ന് പറയാം.



# സങ്കല്പം

ബി.കെ അനില, തിരുവനന്തപുരം

**ലോ**കത്തിലെ വലിയൊരു ആകർഷണമാണ് ധനം. ധനത്തെ സുഖം നിറഞ്ഞ ജീവിതത്തിന് ആവശ്യമായ ഒരു മുഖ്യ ഘടകമായി മനസ്സിലാക്കി, കഠിന പരിശ്രമത്തിലൂടെ, ഏത് രീതിയിലും സമ്പാദിക്കാൻ ജീവിതത്തിന്റെ നല്ലൊരു പങ്കും മനുഷ്യർ വിനിയോഗിക്കുന്നു. എന്നാൽ, ധനസമ്പത്തുക്കൾക്കു വേണ്ടി പ്രയത്നിക്കുന്നതിനിടയിലെ ജീവിതയാത്രയിൽ വന്നുചേരുന്ന ദുഃഖങ്ങൾ, നിരാശകൾ, അസംതൃപ്തികൾ– ഇവയ്ക്ക് മറ്റൊരു അമൂല്യമായ സമ്പത്തുമായി ബന്ധമുണ്ട്. അതാണ് സങ്കല്പം. സങ്കല്പവും ഒരു ധനമാണ്. ധനത്തിലൂടെ താത്കാലികമായി സുഖവും സന്തോഷവും നേടാൻ കഴിയുന്നു. അതുപോലെ സങ്കല്പമാകുന്ന സമ്പത്ത് സുഖത്തിന്റെയും സന്തോഷത്തിന്റെയും അനുഭവങ്ങളുടെ ആധാരമാണ്. സുഖത്തിന്റെയെന്നല്ല, ഏതൊരു അനുഭവത്തിനും സങ്കല്പവുമായി ബന്ധമുണ്ട്. പലരും ചിന്തിക്കുന്നു– എന്തുകൊണ്ട് ഈ ദുഃഖം, എന്തുകൊണ്ട് ഈ അസന്തുഷ്ടി? ഇതിന് പല കാരണങ്ങളുണ്ടെങ്കിലും ഒരു മുഖ്യ കാരണമാണ് – വ്യർത്ഥം. മനുഷ്യർ മനസ്സിൽ അനേകം വ്യർത്ഥകാര്യങ്ങൾ സംഭരിച്ചുവച്ചിരിക്കുന്നു. മനസിൽ വ്യർത്ഥത്തിന്റെ ശേഖരണം ഉണ്ടായിരിക്കുമ്പോൾ അതിൽ നിന്നും വരുന്ന സങ്കല്പങ്ങൾ വ്യർത്ഥമായിരിക്കും. പിന്നെ, വാക്കുകളും കർമ്മങ്ങളും വ്യർത്ഥമാകുന്നു. അതുകാരണം, ജീവിതത്തിലെ അനുഭവങ്ങളും കയ്പേറിയതാകുന്നു. അതിനാൽ ജീവിതത്തിൽ നല്ല അനുഭവങ്ങൾ വരുന്നതിന് വ്യർത്ഥത്തിൽ നിന്നും നമ്മൾ മുക്തമാകേണ്ടത് ആവശ്യമാണ്. ഇതിനുവേണ്ടി ആദ്യമായി, എത്രത്തോളം വ്യർത്ഥം ശേഖരിക്കപ്പെട്ടിരിക്കുന്നുവെന്ന് ആന്തരികമായി പരിശോധിക്കണം. അത് എങ്ങനെ സാധിക്കും? ഓരോ സാഹചര്യങ്ങളിലും നമുക്ക് വരുന്ന സങ്കല്പങ്ങളുടെ നിലവാരം പരിശോധിക്കണം. നിലവാരമുള്ള ചിന്തകൾ വാക്കിലും കർമ്മത്തിലും നന്മയുടെ രൂപം ധരിക്കും. വാക്കും കർമ്മവും ഗുണയുക്തമല്ലെങ്കിൽ വ്യർത്ഥത്തിന്റെ ശേഖരണം ഉണ്ടെന്ന് അർത്ഥം. സങ്കല്പം ബീജമാണ്. ബീജം നല്ലതാണെങ്കിൽ വൃക്ഷവും നല്ലതായിരിക്കും. വ്യർത്ഥത്തിന്റെ ശേഖരണം ഇല്ലാതാക്കുന്നതിനു വേണ്ടി സങ്കല്പമാകുന്ന ബീജം നല്ലതാക്കണം. ഇതിനു വേണ്ടി ആദ്യമായി മനസ്സിന്റെ ഒരു വിശേഷ ശക്തിയെ നമ്മൾ ഉപയോഗിക്കണം. അതാണ് ഏകാഗ്രത. സാധാരണയായി വ്യർത്ഥത്തെ നിയന്ത്രിക്കുവാൻ പ്രയാസമാണ്. കാരണം വ്യർത്ഥ സങ്കല്പങ്ങൾ തീവ്രഗതിയുള്ളവയാണ്. എന്നാൽ ഏകാഗ്രതയുടെ ശക്തികൊണ്ട് സങ്കല്പങ്ങളുടെ വേഗത കുറച്ച്, അവയെ നിയന്ത്രിക്കുവാൻ കഴിയും. നമ്മൾ കടയിൽ നിന്നും ഒരു സാധനം വാങ്ങുമ്പോൾ 10 രൂപ മിച്ചംപിടിക്കാൻ സാധിച്ചാൽ പോലും സന്തോഷം തോന്നും. അതുപോലെ സങ്കല്പശക്തിയുടെ മിച്ചം പിടിക്കണം. പിന്നെ, വ്യർത്ഥത്തിനു പകരമായി നല്ല സങ്കല്പങ്ങളുടെ ശേഖരണം ഉണ്ടാക്കണം. ഓരോ മണിക്കൂറിലും 5–10 മിനിട്ട് വിശേഷ ശ്രദ്ധ കൊടുത്ത് ശ്രേഷ്ഠ സങ്കല്പങ്ങൾ ശേഖരിക്കണം. അതിരാവിലെയും, വൈകുന്നേരവും, ഉറങ്ങുന്നതിനു മുമ്പും ധ്യാനത്തിലിരുന്നുകൊണ്ട് ശ്രേഷ്ഠ സങ്കല്പങ്ങൾ രചിക്കണം. സ്വാത്മാവിന്റെ ഗുണങ്ങൾ ചിന്തിക്കണം. ആത്മവിശ്വാസം വർദ്ധിപ്പിക്കുന്ന ചിന്തകൾ രചിക്കണം. ഈശ്വര സ്മൃതിയിൽ മഗ്നമാകണം. ഇങ്ങനെ ശ്രേഷ്ഠ സങ്കല്പങ്ങളുടെ ശേഖരണം വന്ന മനസ്സിൽ നിന്നും ശ്രേഷ്ഠമായ ചിന്തകൾ വരാൻ തുടങ്ങും. അത് പിന്നെ വാക്കിലും കർമ്മത്തിലും പ്രകടമാകുകയും ചെയ്യും. മനസ്സിൽ വ്യർത്ഥം നിറഞ്ഞിരിക്കുകയാണെങ്കിൽ പോലും നല്ല രീതിയിൽ നമ്മൾ പരിശ്രമിക്കുകയാണെങ്കിൽ മനസ്സിന്റെ അവസ്ഥ മെച്ചപ്പെടാൻ തുടങ്ങും. ചിന്തകളുടെ നിലവാരം ഉയർന്നുവരും. ഈ വിധം ചിന്തകളുടെ നിലവാരം ഉയർത്തുമ്പോൾ അതിലൂടെ നമുക്ക് ലഭിക്കുന്ന ഒരു പ്രതിഫലമാണ് സന്തോഷം. അങ്ങനെ സന്തോഷമായിരിക്കുവാനും സന്തോഷം പങ്കുവയ്ക്കുവാനും നമുക്ക് സാധിക്കും. ധനത്തിന്റെ വലിയൊരു സമ്പാദ്യം നമ്മുടെ ബാങ്ക് അക്കൗണ്ടിൽ ഉണ്ടെങ്കിൽ ആവശ്യം വരുന്ന സമയത്ത് അത് നമുക്ക് പ്രയോജനപ്പെടുന്നു. അതുപോലെ ശുദ്ധസങ്കല്പങ്ങളുടെ സമ്പാദ്യം ശേഖരിക്കണം. അത് ഇപ്പോഴും, ഭാവിയിലേയ്ക്കും വലിയൊരു സമ്പാദ്യമായി നിലകൊള്ളും.

# ശിവനും വാഹനവും

ബി.കെ. സുഭാഷ്, മൗണ്ട് ആബു



ശിവലിംഗത്തിന് അഭിമുഖമായിരിക്കുന്ന നന്ദിയുടെ ചെവിയിൽ പലരും പലതും അടക്കം പറയുന്ന ദൃശ്യം ശിവക്ഷേത്ര ദർശന വേളകളിൽ എന്നിൽ എന്നും കൗതുകം ഉയർത്തിയിട്ടുണ്ട്. വലിയ ഭാവനയോടെയാണ് പല ഭക്തരും ഇത് ചെയ്യുന്നത്. ചില പരിചിതരോട് ഞാൻ ഇതിന്റെ കാരണം അന്വേഷിച്ചു. "അതേ, ശിവന്റെ വാഹനമല്ലേ നന്ദി... അപ്പോൾ, നന്ദിയോടു പറഞ്ഞാൽ ശിവൻ തീർച്ചയായും കേൾക്കും". ഈ ഉത്തരം അന്വേഷിയായ എന്റെ കുഞ്ഞു മനസ്സിനെ തൃപ്തമാക്കിയില്ല. ഗണപതിയുടെ വാഹനമായ മൂഷികനോ, മുരുകന്റെ വാഹനമായ മയിലിനോ ഇല്ലാത്ത എന്തു സിദ്ധിയാണ് നന്ദിയ്ക്കുള്ളത്?

ഒടുവിൽ വളർച്ചയുടെ പടവുകളിൽ ഒരു നാൾ എന്നെത്തേടി ആ ഉത്തരം എത്തി. ഋഷഭം എന്ന വാക്കിന് ഉത്തമ പുരുഷൻ എന്നും അർത്ഥമുണ്ട്. ശിവൻ എന്ന വാക്കിന് മംഗളകാരി എന്നാണത്രേ അർത്ഥം. പരമാത്മാവായ ശിവൻ ശരീരധാരിയുമല്ല. ജ്യോതിസ്വരൂപനായ ശിവ പരമാത്മാവ് സൃഷ്ടിയിൽ അവതരിക്കുമ്പോൾ ഒരു മനുഷ്യ ശരീരം ആശ്രയിക്കുന്നു. ***"അവജാനന്തി മാം മൂഢ മാനുഷീം തനുമാശ്രിതം"*** എന്ന ഗീതാ ശ്ലോകം ഇവിടെ നമുക്ക് സ്മരിക്കാം. അപ്രകാരം ശിവൻ ആശ്രയിക്കുന്ന മനുഷ്യ ശരീരത്തെയാണ് ശിവന്റെ വാഹനമായി കണക്കാക്കുന്നത്. ഈ ലോകത്ത് ശിവ പരമാത്മാവ് നമ്മോട് സംവദിക്കുന്നത് ആ മനുഷ്യ ശരീരത്തിലൂടെയാണ്. ജ്ഞാന സാഗരനായ പരമാത്മാ ശിവന്റെ ഈ സംവാദമാണ് നമ്മുടെ ധർമ്മ ഗ്രന്ഥമായ ഭഗവദ് ഗീതയ്ക്ക് ആധാരം. കല്പാവസാനം ഭഗവാൻ നൽകുന്ന ഈ അറിവിലൂടെ ഓരോ നരനും നാരായണനും ഓരോ നാരിയും ലക്ഷ്മിയുമായി തീരുന്നു. ഗുണങ്ങളാലും ശക്തികളാലും സമ്പന്നരായ ഒരു തലമുറയെ വാർത്തെടുക്കുന്ന ഈ ഈശ്വരീയ കർത്തവ്യത്തിലൂടെ സത്യയുഗ സൃഷ്ടി നടക്കുന്നു. ദുഃഖങ്ങളും ദുരിതങ്ങളും നിറഞ്ഞ ഈ കലിയുഗം സുഖ-ശാന്തി സമ്പന്നമായ സ്വർണ്ണിമ യുഗത്തിനു വഴി മാറുന്നു.

അനുഭവിയായ, ഒരു സാധാരണ വൃദ്ധ ശരീരമാണ് ശിവ പരമാത്മാവ് തന്റെ ദിവ്യ കർത്തവ്യത്തിനു വേണ്ടി തെരഞ്ഞെടുക്കുന്നത്. ഇതിനു നിമിത്തമാകുന്ന മനുഷ്യ ശരീരത്തിനെ, ശിവ വാഹനത്തെയാണ് ബ്രഹ്മാവ് എന്നു വിളിക്കുന്നത്. ബ്രഹ്മാവിലൂടെ സൃഷ്ടി എന്നു പറയുന്നതും ഇതു കൊണ്ടാണ്. മററു ദേവതമാരുടെ ചിത്രങ്ങളെല്ലാം യുവത്വം തുളുമ്പുന്നതാകുമ്പോഴും ബ്രഹ്മാവിന്റെ ചിത്രം ജരാ-നരകൾ ബാധിച്ചതാകുന്നത് ഇതുകൊണ്ടാണ്. മററു ദേവതകൾക്കെല്ലാം ധാരാളം ക്ഷേത്രങ്ങളും പൂജകളും ഉള്ളപ്പോഴും ബ്രഹ്മാവിന്റെ ക്ഷേത്രങ്ങളും പൂജകളും പരിമിതമാകുവാനും കാരണം ഈ നിമിത്ത കർത്തവ്യമാണ്.

അർത്ഥ സഹിതം ഭക്തി ചെയ്യുമ്പോഴാണ് ഫലപ്രാപ്തി കൂടുതലുണ്ടാകുക. എനിക്ക് ജ്ഞാനിയെയാണ് കൂടുതൽ ഇഷ്ടം എന്ന് ഭഗവാൻ ഗീതയിൽ പറഞ്ഞതും അതുകൊണ്ടു തന്നെ. വരൂ, അജ്ഞാനത്തിന്റെ അന്ധകാരം മാററി, ജ്ഞാന നിറവിൽ നമുക്ക് ഭഗവാനെ സ്മരിക്കാം:

ബ്രഹ്മ ദേവായ നമഃ
വിഷ്ണു ദേവായ നമഃ
ശങ്കര ദേവായ നമഃ
ശിവ പരമാത്മനേ നമഃ



# പാരിതോഷികം

അനിൽ, തിരുവനന്തപുരം

അഗ്നിവർണ്ണൻ എന്ന രാജാവിന്റെ രാജ്യം സ്വർണ്ണമയ ഹർമ്മ്യങ്ങൾ കൊണ്ടും, മനോഹരങ്ങളായ ഉദ്യാനങ്ങൾ കൊണ്ടും സുശോഭിതമായിരുന്നു അയൽ രാജ്യത്തെ രോമഹർഷൻ എന്ന രാജാവ് അഗ്നിവർണ്ണന്റെ രാജ്യത്തിലെ സമ്പന്നതയെക്കുറിച്ച് അറിയുവാൻ ഇടയായി. അതിൽ മോഹിതനായി. ഏതുവിധേനെയും ആ രാജ്യം സ്വന്തമാക്കുവാനുള്ള അദമ്യമായ മോഹം ആ രാജാവിന്റെ മനസ്സിലുദിച്ചു. അഗ്നിവർണ്ണന് സൈന്യബലം കുറവായിരുന്നുവെങ്കിലും ആ രാജ്യത്തെ ശത്രുക്കളിൽ നിന്നും സുരക്ഷിതമാക്കി വച്ചിരുന്നത് അവിടെയുണ്ടായിരുന്ന ഒരു കോട്ടയായിരുന്നു. ആ കോട്ടയ്ക്കുള്ളിൽ എത്ര പ്രബലമായ സൈന്യത്തിനും പ്രവേശിക്കുവാൻ കഴിയാത്ത വിധമായിരുന്നു അതിന്റെ നിർമ്മാണം. കോട്ടയുടെ പുറത്തേയ്ക്ക് കടക്കുവാനും അകത്തേയ്ക്ക് പ്രവേശിക്കുവാനും രണ്ട് രഹസ്യ കവാടങ്ങൾ ഉണ്ടായിരുന്നു. ആ രഹസ്യകവാടങ്ങളെക്കുറിച്ച് അഗ്നിവർണ്ണനും, അദ്ദേഹത്തിന്റെ ആത്മമിത്രവും സേനാപതിയുമായ ശുകനും മാത്രമാണ് അറിയാമായിരുന്നത്. അഗ്നിവർണ്ണനെ കീഴ്പെടുത്തി രാജ്യം സ്വന്തമാക്കാൻ പല തവണ രോമഹർഷൻ ശ്രമിച്ചുവെങ്കിലും ആ കോട്ടയ്ക്കുള്ളിലേയ്ക്ക് പ്രവേശിക്കുവാൻ ഒരിക്കൽ പോലും കഴിഞ്ഞില്ല. ആ രാജാവ് പല തന്ത്രങ്ങളും ആലോചിച്ചു. ശുകനെ ഏതുവിധേനെയും പ്രലോഭിപ്പിച്ച് തന്റെ വശത്താക്കിയാൽ മാത്രമേ തന്റെ ആഗ്രഹം സഫലമാകൂ എന്ന് രോമഹർഷൻ മനസ്സിലാക്കി. കോട്ട ഭേദിച്ച് ഉള്ളിൽ പ്രവേശിക്കുവാനുള്ള മാർഗ്ഗം പറഞ്ഞു കൊടുക്കുമെങ്കിൽ ഇരു രാജ്യങ്ങളെയും ഒന്നാക്കി അതിന്റെ മന്ത്രിപദവും, അനേകം വജ്ര-വൈഢൂര്യങ്ങളും പാരിതോഷികമായി നൽകാമെന്ന് വാഗ്ദാനം കൊടുത്തു. ആ മഹാസൗഭാഗ്യങ്ങളുടെ വാഗ്ദാനത്തിൽ ശുകൻ മതിമറന്നു.

അന്ധകാരംമൂടിയ ഒരു രാത്രിയിൽ ആ രഹസ്യ കവാടം ശുകനിലൂടെ തുറക്കപ്പെട്ടു. രോമഹർഷന്റെ വൻ സൈന്യം ആ രാജ്യത്തിലേയ്ക്ക് ഇരച്ചുകയറി. പ്രതീക്ഷിക്കാതെ ഉണ്ടായ ആക്രമണത്തെ ചെറുക്കുവാൻ അഗ്നിവർണ്ണനും അദ്ദേഹത്തിന്റെ സന്നദ്ധമാകാത്ത സൈന്യത്തിനും കഴിഞ്ഞില്ല. ഒടുവിൽ അഗ്നിവർണ്ണനെ ബന്ധനസ്ഥനാക്കി ഒരു ദ്വീപിലേയ്ക്ക് നാടുകടത്തി.

ആഡംബരപൂർണ്ണമായ സിംഹാസനാരോഹണത്തിന് ശേഷം രോമഹർഷൻ ആ രാജ്യത്തിൽ ചുറ്റി സഞ്ചരിച്ചു. രാജ്യത്തിന്റെ സമ്പദ്-സമൃദ്ധി കണ്ട് രോമഹർഷൻ അതിയായി സന്തോഷിച്ചു. അവിടെയുള്ള അതിമനോഹര മന്ദിരങ്ങളും, തടാകങ്ങളും ഉദ്യാനങ്ങളുമെല്ലാം ദർശിച്ച് അത്ഭുതചിത്തനായി. ശുകനാകട്ടെ, രാജ്യത്തിന്റെ മനോഹാരിത വർണ്ണിച്ച് രാജാവിനെ കൂടുതൽ സന്തോഷിപ്പിച്ചു. തന്റെ പാരിതോഷികം ആവശ്യപ്പെടാനുള്ള ഉചിതമായ സമയം അതാണെന്ന് മനസ്സിലാക്കിയ ശുകൻ പറഞ്ഞു – പ്രഭോ അവിടുന്ന് ഇപ്പോൾ ഇരു രാജ്യങ്ങളുടെയും അധിപനായതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു. അങ്ങ് എനിക്ക് വാഗ്ദാനം ചെയ്ത മന്ത്രിപദവും, വജ്ര-വൈഢൂര്യങ്ങളും സമ്മാനിച്ചാലും." രോമഹർഷൻ തന്റെ സ്വപ്നം സാക്ഷാത്കരിക്കുവാൻ സഹായിച്ച ശുകനെ വാനോളം പുകഴ്ത്തി. ആ നിമിഷം, രാജാവിന്റെ കണ്ണുകളിലെ സ്ഫുരണങ്ങൾ സന്തോഷത്തിന്റേതോ അഗ്നിയുടേതോ എന്ന് തിരിച്ചറിയാൻ ശുകന് കഴിഞ്ഞില്ല. അതിനുമുമ്പേ ഒരു മിന്നൽപ്പിണർ പോലെ രോമഹർഷന്റെ ഉടവാൾ ചലിച്ചു. ഛേദിക്കപ്പെട്ട ശുകന്റെ ശിരസ്സിലേയ്ക്ക് സ്തബ്ധനായി നോക്കിയ ശേഷം വിറയാർന്ന സ്വരത്തിൽ മന്ത്രി രാജാവിനോട് ചോദിച്ചു – "മഹാരാജാവേ, നമുക്ക് ഇത്രയും സൗഭാഗ്യങ്ങൾ നേടിത്തന്ന ശുകനെ ഇത്രയും നിഷ്ഠൂരമായി വധിച്ചത് എന്തുകൊണ്ടാണ്?". രോമഹർഷൻ പറഞ്ഞു – "ശുകൻ അർഹിക്കുന്ന പാരിതോഷികം ഇതുതന്നെ. കാരണം, സ്വന്തം രാജാവിനോടും രാജ്യത്തോടും വിശ്വാസ വഞ്ചന കാട്ടിയ ഈ നീചൻ നാളെ നമ്മെയും ചതിക്കാതിരിക്കില്ല." കാലം നിശബ്ദമായി ചിരിച്ചു. കാരണം, ചതിവിലൂടെ നേടിയ രാജ്യം അടർത്തിമാറ്റി, ദുഃഖക്കയത്തിലേയ്ക്ക് തള്ളിയിടുന്ന പാരിതോഷികം തനിക്ക് സമ്മാനിക്കാൻ കാലത്തിന്റെ നീതിചക്രം തിരിഞ്ഞുകൊണ്ടിരിക്കുന്നുവെന്ന് ആ സമയം രോമഹർഷന് അറിയാമായിരുന്നില്ല.



# ഉതുപ്പാന്റെ കിണർ

രവീന്ദ്രൻ പുത്തൂർ, തിരുവനന്തപുരം

താനെത്ര ദുഃഖം സഹിച്ചാലും മറ്റുള്ളവർ നന്നാകണമെന്നാഗ്രഹിക്കുന്ന കുറച്ചെങ്കിലും പേർ ഈ ഭൂമുഖത്തുണ്ടായിട്ടുണ്ട്. "ലോകാസമസ്താ സുഖിനോഭവന്തു" എന്ന ആപ്ത വാക്യത്തിന്റെ സന്തതസഹചാരിയായി അവർ ഇന്നും നിലനിൽക്കുന്നു. അത്തരത്തിലൊരോർമ്മപ്പെടുത്തിലിനേയാണ് പ്രശസ്ത കവി കാരൂർ നീലകണ്ഠപ്പിള്ള തന്റെ ഉതുപ്പാന്റെ കിണർ എന്ന കൃതിയിലൂടെ വരച്ചു കാട്ടുന്നത്. ആരോരുമില്ലാത്ത ഒരനാഥ ബാലന്റെ കഥയാണത്. നന്നേ ചെറുപ്പത്തിലേ അച്ഛനും അമ്മയും നഷ്ടപ്പെട്ട അഗതിയായ ഉതുപ്പാന്റെ കഥയാണ്. ബന്ധുക്കളും, സ്വന്തക്കാരുമില്ലാതെ, സ്വന്തമായി ഒന്നും അവകാശപ്പെടാനില്ലാതെ ആ ഗ്രാമത്തിൽ അവൻ വളർന്നു വലുതായി. പകലന്തിയോളം ജോലി ചെയ്ത് രാത്രിയിൽ എവിടെയെങ്കിലും അന്തിയുറങ്ങി അവന്റെ ദിനചര്യകളും കടന്നുപോയി. അങ്ങനെയിരിക്കെ ഒരുനാൾ ഗ്രാമത്തിൽ കൊടും വരൾച്ച അനുഭവപ്പെട്ടു. കൊടുംചൂടിൽ ഗ്രാമവാസികൾ ഒരു തുള്ളി വെള്ളത്തിനായി പരക്കം പാഞ്ഞു. തൊടികളും, കുളങ്ങളും, വറ്റി വരണ്ടു. പക്ഷി മൃഗാദികൾ ദാഹിച്ചു വലഞ്ഞു. ഈയൊരവസ്ഥയാണ് ഉതുപ്പാനിൽ ഒരു കിണർ കുഴിക്കാനുള്ള ആവേശമുണർത്തിയത്. അതിലൂടെ എല്ലാവർക്കും ജലമെത്തിക്കുക എന്നതായിരുന്നു ലക്ഷ്യം. ഈ അഭിലാഷം അവനെ എല്ലു മുറിയെ പണിയെടുക്കുവാൻ പ്രേരിപ്പിച്ചു. പകലന്തിയോളം ജോലി ചെയ്ത്, അതിൽ നിന്ന് കിട്ടിയ വരുമാനം കൊണ്ട് സ്വന്തമായി കുറച്ചു സ്ഥലവും വാങ്ങി. അതിലാണ് ഉതുപ്പാൻ തന്റെ കിണർ കുഴിക്കൽ ആരംഭിച്ചത്. രാത്രിയും പകലും വിശ്രമമില്ലാതെ കിണർ കുഴിച്ചു കൊണ്ടിരുന്നു. നാട്ടുകാർ അവനെ ഭ്രാന്തനെന്നാണ് വിളിച്ചത്. എങ്കിലും അവൻ തന്റെ ആത്മാർത്ഥമായ പരിശ്രമം തുടർന്നു കൊണ്ടേയിരുന്നു. ഒടുവിൽ തന്റെ ആഗ്രഹം പോലെ തന്നെ കിണറിൽ വെള്ളമൂറി. അവൻ ആനന്ദം കൊണ്ടു തുള്ളിച്ചാടി. കിണറ്റിൽ ഒരിക്കലും വറ്റാത്തവിധം വെള്ളം നിറഞ്ഞു പൊങ്ങി. തന്റെ ചിരകാല അഭീഷ്ടം സാധ്യമായതിൽ ദൈവത്തോടു നന്ദി പറഞ്ഞു. ഇനി ഈ വെള്ളം എല്ലാവർക്കുമായി എത്തിക്കണം. അതിനായി അവൻ കിണറ്റിനു ചുറ്റും ഇഷ്ടിക കെട്ടി സുരക്ഷിതമാക്കി. കപ്പിയും കയറുമിട്ടു. കാലികൾക്കും, പറവകൾക്കും കുടിക്കാനായി സിമന്റു തൊടിയുമുണ്ടാക്കി, എന്നിട്ട് ഇങ്ങനെയൊരു ബോർഡും വച്ചു. "വരൂ വെള്ളം കുടിക്കൂ, വിശ്രമിച്ചു പോകൂ" അങ്ങനെ ആ ഗ്രാമം ഉതുപ്പാനോടു നന്ദി പറഞ്ഞു. തന്റെ ദൗത്യം വിജയിച്ചതിൽ ഉതുപ്പാന് അതിരറ്റ സന്തോഷം തോന്നി. രാത്രിയും പകലും അവൻ കിണറ്റിൻ കരയിൽ കാവലിരുന്നു. കാലം പിന്നേയും കടന്നുപോയി. ഒരുനാൾ ആ ഗ്രാമത്തിൽ സർക്കാരിന്റെ കുടിവെള്ള പദ്ധതിക്ക് തുടക്കമിട്ടു. ഗ്രാമം നിറയെ പൈപ്പ് ലൈൻ സ്ഥാപിക്കാനാണ് തീരുമാനം. ഈ വാർത്ത ഉതുപ്പാനുമറിഞ്ഞു. എന്നാൽ ഉതുപ്പാൻ സന്തോഷവാനായിരുന്നു. ഇക്കാലമത്രയും തന്റെ അദ്ധ്വാനം ഗ്രാമത്തിന് ഉപയോഗപ്പെട്ടുവല്ലോ! ഇനി മറ്റൊരദ്ധ്വാനത്തിലൂടെ കാലം മുന്നോട്ടു പോവുക തന്നെ ചെയ്യും. കാലം മാറ്റത്തിന്റെ ശംഖധ്വനി മുഴക്കി കടന്നു പോകും. ഇതംഗീകരിക്കാൻ നമ്മളും ബാധ്യസ്ഥരാണ്.

# ഉപദേശങ്ങൾ - മാനുഷികവും ഈശ്വരീയവും

രഘുനാഥൻ മാമ്പള്ളി, കൊല്ലം

ഉപദേശങ്ങൾ രണ്ടു വിധം ഉണ്ട്. ഒന്നാമതായി, മനുഷ്യർ – അതിൽ സാധാരണക്കാർ മുതൽ മഹാത്മാക്കൾ വരെ ഉൾപ്പെടുന്ന – മനുഷ്യർക്ക് നൽകുന്ന ഉപദേശങ്ങൾ. രണ്ടാമത്തേത്, സർവ്വശക്തനായ ഈശ്വരൻ മനുഷ്യനു നൽകുന്ന ഉപദേശങ്ങൾ. നാം ജീവിക്കുന്ന ഈ ലോകത്ത് കൂടുതലായും നാം ചെവികൊടുക്കുന്നത് മനുഷ്യരുടെ ഉപദേശങ്ങൾക്കാണ്. പലപ്പോഴും ബുദ്ധിവാനായ മനുഷ്യൻ ഈശ്വരീയ ഉപദേശങ്ങളെപ്പോലും വളച്ചൊടിക്കുന്നതും തനിക്ക് ഹിതമായ വിധത്തിൽ വ്യാഖ്യാനിക്കുന്നതും നമുക്കു കാണാം. ഭഗവാൻ നേരിട്ടു പറഞ്ഞതായി പറയുന്ന ഏക ധർമ്മ ഗ്രന്ഥം സർവ്വ ശാസ്ത്രങ്ങളുടെയും അമ്മയായി ഭാരതീയർ വാഴ്ത്തുന്ന ശ്രീമദ് ഭഗവദ് ഗീതയാണ്.

“യദാ യദാഹി ധർമ്മസ്യ
ഗ്ലാനിർ ഭവതി ഭാരത
അഭ്യുത്ഥാനമധർമസ്യ
തദാത്മാനം സൃജാമ്യഹം”

ധർമ്മത്തിന് അതിഗ്ലാനിയുണ്ടാകുമ്പോൾ ഞാൻ അവതരിക്കും എന്നാണ് ഭഗവാൻ ഗീതയിൽ പറയുന്നത്.

അതുപോലെ അനേകായിരം മനുഷ്യരിൽ ഒരാൾ മാത്രം സമ്പൂർണ്ണതയ്ക്കായി യത്നിക്കുന്നു എന്നാണ് ഗീതയുടെ ഏഴാം അദ്ധ്യായത്തിലെ മൂന്നാം ശ്ലോകത്തിൽ പറയുന്നത്.

“മനുഷ്യാണാം സഹസ്രേഷു
കശ്ചിദ്യ തതി സിദ്ധയേ
യതതാമപി സിദ്ധാനാം
കശ്ചിന്മാം വേത്തി തത്ത്വത:”

ധർമ്മത്തിന് ഇത്രയധികം നാശം സംഭവിച്ചിരിക്കുന്ന ഈ കലിയുഗാന്ത്യത്തിൽ ധർമ്മ പുനഃസ്ഥാപനയ്ക്കായി ഭഗവാൻ അവതരിക്കും എന്ന് ബഹുഭൂരിപക്ഷം മനുഷ്യരും വിശ്വസിക്കുന്നില്ല. സമ്പൂർണ്ണതയ്ക്കായി പ്രയത്നിക്കുവാൻ തയ്യാറാകുന്ന ചുരുക്കം ചിലർ മാത്രമാണ് ഈശ്വരീയ ഉപദേശങ്ങൾക്ക് ചെവികൊടുക്കുവാൻ തയ്യാറാകുന്നുള്ളൂ. നല്ലൊരു പങ്കു മനുഷ്യരും ഈശ്വരനെക്കുറിച്ചു പോലും മനുഷ്യരുടെ ഉപദേശങ്ങൾ – അതു ഗുരു ജനങ്ങളുടേതാകട്ടെ, മഹാത്മാക്കളുടേതാകട്ടെ – ശിരസാ വഹിക്കുകയാണ്.

“നമേ വിദു: സുരഗണാ:
പ്രഭവം ന മഹർഷയ:
അഹമാദിർഹി ദേവാനാ
മഹർഷീണാം ച സർവ്വശ:”

ദേവന്മാർക്കോ മഹർഷിമാർക്കോ എന്റെ യാഥാർത്ഥ്യം അറിയാൻ കഴിയുന്നില്ല എന്ന് ഭഗവാൻ ഗീതയിൽ വ്യക്തമാക്കിയിട്ടും ഈ പരിതാപകരമായ സ്ഥിതി തുടരുകയാണ്.

ഈശ്വരനെ തിരിച്ചറിഞ്ഞ് ഏകേശ്വരനിലേയ്ക്ക് മനസ്സും ബുദ്ധിയും ഏകാഗ്രമാക്കേണ്ട സൃഷ്ടിയുടെ അതിപ്രധാന കാലഘട്ടത്തിലൂടെയാണ് നാം കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്. ഈ കുംഭകർണ്ണ നിദ്രയിൽ നിന്നും നാം ഉണരേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. യാഥാർത്ഥ്യ ബോധത്തോടെ കാര്യങ്ങളെ നോക്കിക്കാണേണ്ട കാലം ഇങ്ങെത്തി നിൽകുന്നു. ഉത്തിഷ്ഠത, ജാഗ്രത എന്ന വിവേകാനന്ദ വാക്യത്തിന് ഇന്ന് കൂടുതൽ അർത്ഥം കൈവന്നിരിക്കുന്നു. സ്മൃതി ഭ്രംശം വന്ന ഇന്നത്തെ അവസ്ഥയിൽ നിന്നും ഗീതാജ്ഞാനത്തിനൊടുവിൽ അർജ്ജുനൻ പറയുന്നതു പോലെ സ്മൃതി ലബ്ധ അവസ്ഥയിലേയ്ക്ക് നമുക്ക് ഉയരുവാനാകട്ടെ.

**ഹവിസ്സിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളിലെയും കവിതകളിലെയും ആശയങ്ങളും അഭിപ്രായങ്ങളും ലേഖകരുടേതാണ്. അവ ബ്രഹ്മാകുമാരീസിന്റെയോ ഹവിസ്സിന്റെയോ അഭിപ്രായങ്ങളാണെന്ന് ധരിക്കരുത്.**

# ജീവിതത്തിലെ ഒഴുക്ക്

സുനിത, പാലക്കാട്

ഒരു സന്യാസി അമ്പലത്തിൽ താമസിച്ചിരുന്നു. അദ്ദേഹം വളരെ വിവേകശാലിയായിരുന്നു.

ആരോടും ഏത് സമയത്തും ദേഷ്യപ്പെടാത്ത ഒരാളായിരുന്നു അദ്ദേഹം. ഒരു ദിവസം രാജാവ് അദ്ദേഹത്തെ പരീക്ഷിക്കാൻ തീരുമാനിച്ച് അമ്പലത്തിലേക്ക് ചെന്നു. ആ സമയത്ത് സന്യാസി ആ അമ്പലത്തിലെ മുറ്റം കഴുകുന്നതിൽ ശ്രദ്ധിച്ചിരിക്കുകയായിരുന്നു. അതിനായുള്ള വെള്ളം തൊട്ടടുത്തുള്ള പുഴയിൽ നിന്നായിരുന്നു കൊണ്ടുവന്നിരുന്നത്. രാജാവ് ഒരു ഭടനെ വിളിച്ചിട്ട് പറഞ്ഞു – നീ ചെന്ന് അദ്ദേഹം വൃത്തിയാക്കിയ മുറ്റം വൃത്തികേടാക്കണം. അപ്പോൾ അദ്ദേഹം വീണ്ടും വൃത്തിയാക്കും. അപ്പോൾ നീ അതിനെ വീണ്ടും വൃത്തികേടാക്കണം. അങ്ങനെ മൂന്ന് നാല് തവണ ആവർത്തിക്കുമ്പോൾ സന്യാസിക്ക് ദേഷ്യം വരുമോ എന്ന് നോക്കാം.

രാജാവിന്റെ നിർദ്ദേശ പ്രകാരം മറുത്തൊന്നും പറയാതെ ഭടൻ അത് ചെയ്തു. സന്യാസി പുഴയിൽ നിന്നും വെള്ളം കൊണ്ടുവന്ന് മുറ്റം വൃത്തിയാക്കി. ഭടൻ അതിനെ വീണ്ടും വൃത്തികേടാക്കി. സന്യാസി വീണ്ടും വൃത്തിയാക്കി. ഈ പ്രക്രിയ തുടർന്നുകൊണ്ടേയിരുന്നു. സന്യാസി ഇതിനിടയിൽ പുഞ്ചിരി തൂകുന്നുണ്ടായിരുന്നു.

അവസാനം ഭടൻ ക്ഷീണിതനായി. പക്ഷേ സന്യാസിക്ക് വൃത്തിയാക്കുന്നതിൽ ഒരു ക്ഷീണവും അനുഭവപ്പെട്ടില്ല. അദ്ദേഹത്തിന്റെ മനസ്സിൽ ഒരു തുണ്ടു പോലും ദേഷ്യം ഉണ്ടായതുമില്ല. ഇത് കണ്ട് രാജാവ് അത്ഭുതപ്പെട്ടു. രാജാവ് സന്യാസിയെ വന്ദിച്ചുകൊണ്ട് ചോദിച്ചു – അല്ലയോ മഹാശയാ, അങ്ങേക്ക് ഇത് എങ്ങനെ സാധിച്ചു? അപ്പോൾ സന്യാസി പറഞ്ഞു. ആദ്യം ഭടൻ എന്റെ പ്രവൃത്തിയിൽ തടസ്സം വരുത്തിയപ്പോൾ അതിന്റെ അർത്ഥം എനിയ്ക്ക് മനസ്സിലായില്ല. അതുകൊണ്ട് പ്രത്യേകിച്ച് ലക്ഷ്യമൊന്നുമുണ്ടായിരുന്നില്ല. രണ്ടാമത് പുഴ എന്നോടൊരു കാര്യം പറഞ്ഞു – ഒഴുകി കൊണ്ടേയിരിക്കൂ (നീ ചെയ്യുന്ന കാര്യം ചെയ്തു കൊണ്ടേയിരിക്കൂ). പുഴയുടെ ഒഴുക്ക് പോലെയാണ് എന്റെ മനസ്സ്. എന്റെ പ്രവൃത്തിക്ക് ആവശ്യമായ ജലം പുഴ നൽകുകയും ചെയ്തു. എന്റെ ജീവിതവും പുഴ പോലെ തന്നെയാണ്, ഒഴുകികൊണ്ടേയിരിക്കുന്നു.

വൃത്തിയാക്കിയ ഈ മുറ്റം നോക്കൂ. ഇതൊരു ജോലിയല്ല, ഒരു ഒഴുക്കാണ്. കുറെ കാലം കഴിഞ്ഞാൽ ഇത് പിന്നെയും പഴയ പോലെ ആകും. അപ്പോൾ ഞാൻ വീണ്ടും ഇത് വൃത്തിയാക്കും. മാസങ്ങളോളം, വർഷങ്ങളോളം ഞാനിത് ചെയ്യും. എനിയ്ക്കറിയാം ജീവിതം ഒരു ഒഴുക്കാണ്. അത് കാരണം എനിയ്ക്ക് ചോദ്യങ്ങൾ, സ്വാർത്ഥത, ലാഭം, നഷ്ടം ഇതൊന്നും ഉണ്ടാകില്ല. അതുകൊണ്ട് തന്നെ ദേഷ്യം, അഹംഭാവം, നിരാശ ഇതൊന്നും എന്റെ മനസ്സിലേക്ക് ഒരിക്കലും വരുന്നില്ല.



# സന്തോഷം പങ്കിടുമ്പോൾ

അമ്പിളി പ്രസാദ്, മൗണ്ട് ആബു

അൻപത് പേരുടെ ഒരു ഗ്രൂപ്പ് ഒരു സെമിനാറിൽ പങ്കെടുക്കുകയായിരുന്നു. സെമിനാർ തുടങ്ങി കുറച്ച് സമയമായതെ ഉണ്ടായിരുന്നുള്ളു. പെട്ടെന്ന് പ്രാസംഗികൻ പ്രസംഗം നിർത്തിയിട്ട് എല്ലാവർക്കും ഓരോ ബലൂൺ നൽകിക്കൊണ്ടു പറഞ്ഞു, "നിങ്ങൾ എല്ലാവരും മാർക്കർ കൊണ്ട് ബലൂണിൽ അവരവരുടെ പേര് എഴുതണം." എല്ലാവരും അതുപോലെ ചെയ്തു. ഒടുവിൽ ബലൂണുകൾ എല്ലാം മറെറാരു മുറിയിൽ വച്ചു. ഇനി എല്ലാവരും ആ മുറിയിൽ ചെന്ന് അഞ്ച് മിനിറ്റിനകം അവരവരുടെ പേരെഴുതിയ ബലൂൺ എടുക്കാൻ പ്രാസംഗികൻ പറഞ്ഞു. എല്ലാവരും വളരെ വേഗത്തിൽ ആ മുറിയിലേക്ക് കയറി അവരവരുടെ പേരുള്ള ബലൂൺ എടുക്കാൻ തിരക്കു കൂട്ടി തുടങ്ങി. എന്നാൽ ബഹളം കാരണം ആർക്കും സ്വന്തം പേരെഴുതിയ ബലൂൺ ലഭിച്ചില്ല. അഞ്ച് മിനിട്ട് കഴിഞ്ഞ് എല്ലാവരെയും പുറത്തേയ്ക്കുവിളിച്ചു പ്രാസംഗികൻ ചോദിച്ചു: " എന്തു പറ്റി, ആർക്കും സ്വന്തം പേരെഴുതിയ ബലൂൺ കിട്ടിയില്ലേ? ഇല്ല! ഞങ്ങൾ വളരെയധികം ശ്രമിച്ചു എന്നാൽ എപ്പോഴും മറ്റാരുടെയെങ്കിലും പേരെഴുതിയ ബലൂൺ ആണ് കൈയ്യിൽ കിട്ടിയത "– ഒരാൾ നിരാശനായി പറഞ്ഞു. "സാരമില്ല, താങ്കൾ എല്ലാവരും ഒരിക്കൽ കൂടി ബലൂണുകൾ ഉള്ള മുറിയിലേക്ക് ചെല്ലുക, എന്നാൽ ഇത്തവണ ആർക്ക് ഏത് ബലൂൺ കിട്ടുന്നുവോ അത് കൈയ്യിലെടുത്ത് അതിൽ ആരുടെ പേരെഴുതിയിട്ടുണ്ടോ അയാളുടെ പേര് ഉച്ചത്തിൽ വിളിക്കണം" – പ്രാസംഗികൻ നിർദ്ദേശിച്ചു. വീണ്ടും ഒരു തവണ എല്ലാവരും മുറിയിലേക്ക് ചെന്നു, എന്നാൽ ഇത്തവണ എല്ലാവരും ശാന്തരായിരുന്നു, മുറിയിൽ തിരക്കും ബഹളവും ഒന്നുമില്ല. എല്ലാവരും പരസ്പരം ഒരാൾ മറ്റൊരാൾക്ക് അവരവരുടെ പേരെഴുതിയ ബലൂണുകൾ നൽകി. മൂന്ന് മിനിറ്റിൽ പുറത്തേയ്ക്ക് വന്നു. പ്രാസംഗികൻ പറഞ്ഞു – ഇതാണ് നമ്മുടെ ജീവിതത്തിലും സംഭവിക്കുന്നത്. ഓരോരുത്തരും അവരവർക്ക് വേണ്ടിയാണ് ജീവിക്കുന്നത്. അവർ എങ്ങനെ നമുക്ക് മറ്റുള്ളവരെ സഹായിക്കാൻ കഴിയും എന്ന് ശ്രദ്ധിക്കുന്നില്ല, അവർ സ്വന്തം സന്തോഷം മാത്രം തേടിക്കൊണ്ടിരിക്കുന്നു, എന്നാൽ എത്ര തേടിയാലുംഒന്നുംപ്രാപ്തമാകുന്നില്ല.സുഹൃത്തുക്കളേ, നമ്മുടെ സന്തോഷം മറഞ്ഞിരിക്കുന്നത് മററുള്ളവരുടെ സന്തോഷത്തിലാണ്. എപ്പോഴാണോ നിങ്ങൾ മറ്റുള്ളവർക്ക് അവരുടെ സന്തോഷം നൽകാൻ പഠിച്ചു തുടങ്ങുന്നത് അപ്പോൾ സ്വതവേ തന്നെ നിങ്ങൾക്ക് നിങ്ങളുടെ സന്തോഷം ലഭിക്കും. ഇതാണ് മാനവ ജീവിതത്തിന്റെ ആത്യന്തികമായ ഉദ്ദേശ്യം.

## മഹദ്‌വചനങ്ങൾ

വ്യക്തി ബന്ധങ്ങൾ
ജീവിതത്തെക്കാൾ പ്രധാനമാണ്,
എന്നാൽ ആ ബന്ധങ്ങളിൽ ജീവിതം
ഉണ്ടായിരിക്കണമെന്നതും പ്രധാനമാണ്.

– സ്വാമി വിവേകാനന്ദൻ





# ആശതൻ പാശം

ചന്ദ്രശേഖരൻ പാലിയത്ത്, കൊടുങ്ങല്ലൂർ


മനുഷ്യ ജീവിതത്തിൽ ആശയുടെ പാശം വരുത്തി വയ്ക്കുന്ന വിനയ്ക്ക് കണക്കില്ല. ആശയും തൃഷ്ണയും വളർന്ന് അത് മോഹമാകുമ്പോൾ ദുഃഖത്തിന്റെ പടുകുഴിയിലേയ്ക്കുള്ള നമ്മുടെ പതനം പൂർത്തിയാകുന്നു. നമ്മുടെ മിക്കവാറും എല്ലാ ദുഃഖങ്ങൾക്കും ആധാരം നമ്മുടെ അതിരുകടന്ന ആഗ്രഹങ്ങളാണ്, പ്രതീക്ഷകളാണ്.

എനിക്കൊരു നല്ല സന്താനം ലഭിക്കണം എന്നത് ആഗ്രഹം. സ്വന്തം സന്താനത്തോട് ഒരു പ്രത്യേക വാത്സല്യം തോന്നുക സ്വാഭാവികം. എന്നാൽ അതിനെ പിരിഞ്ഞിരിക്കുവാൻ വയ്യാത്ത രീതിയിൽ മോഹം വളരുകയായി. നമ്മുടെ സന്താനം വളർന്ന് വലുതായി, നന്നായി പഠിച്ച് നമ്മെക്കാളും ഉയരത്തിൽ എത്തണമെന്നത് നമ്മുടെ ആഗ്രഹം. എന്നാൽ ഏററവും ഉയരത്തിൽ എത്തണം എന്നത് ഒരല്പം അതിരു കടന്ന ആഗ്രഹമല്ലെന്ന് പറയാതെ വയ്യ. ഒരു പടി കൂടി കടന്ന് നമ്മുടെ സന്താനത്തിനു മുകളിൽ ആരും എത്തരുതെന്നു കൂടി നാം സങ്കല്പിച്ചു തുടങ്ങുമ്പോൾ പതനം ആരംഭിച്ചു. മററാരേയും അവരെക്കാളും ഉയരത്തിൽ എത്താൻ അനുവദിക്കില്ലെന്നു വരുമ്പോൾ തീർച്ചയായും നമ്മുടെ പതനം പൂർത്തിയാകും.

മകനോടോ മകളോടോ സ്നേഹമുണ്ടാകുക അസ്വാഭാവികമല്ല. ആ സ്നേഹം നമ്മോടു മാത്രമാകണമെന്നും, അവരുടെ വിവാഹശേഷം പോലും അതു മററാരുമായും പങ്കിടുവാൻ പാടില്ല എന്നും നാം ശഠിക്കുമ്പോൾ നമ്മുടെ മാനസിക നില തെററിത്തുടങ്ങിയിരിക്കുന്നു എന്നു മനസ്സിലാക്കാം. ഇതിനു കാരണം മരുമകനോ മരുമകളോ ആണെന്നു കണ്ടെത്തുകയും അവരോടു വിരോധവും വെറുപ്പും ദേഷ്യവും കാട്ടിത്തുടങ്ങുമ്പോൾ നമ്മുടെ മാനസിക നിലയുടെ മേൽ അടിയന്തിരമായി ശ്രദ്ധ കൊടുക്കേണ്ട ആവശ്യകത എത്തിയിരിക്കുന്നു എന്നും നാം മനസ്സിലാക്കണം.

അതിനാൽ ശ്രദ്ധ കൊടുക്കൂ, നമ്മുടെ പ്രതീക്ഷകളുടെ മേൽ, ആഗ്രഹങ്ങളുടെ മേൽ. കർമ്മങ്ങൾ ചെയ്യുക മാത്രമാണ് നമ്മുടെ കർത്തവ്യം. ഫലം അതിന്റെ പിന്നാലെ എത്തിക്കൊള്ളും എന്നാണല്ലോ ഗീത ഉദ്ഘോഷിക്കുന്നത്. മോഹമുക്തരായി, ഫലേച്ഛ ഇല്ലാതെ ശ്രേഷ്ഠ കർമ്മങ്ങൾ ചെയ്യുമ്പോൾ നമ്മുടെയും മററുള്ളവരുടെയും ജീവിതം അർത്ഥവത്താകും, സുഖ-ശാന്തി സമ്പന്നമാകും.






ഡോ. വത്സലൻ നായർ, മൗണ്ട് ആബു

ചോദ്യം: എനിക്ക് 37 വയസ്സുണ്ട്. 6 വയസ്സുള്ള ഒരു പെൺകുട്ടിയുടെ മാതാവാണ്. എന്റെ ഭർത്താവ് ഒരു സ്ഥിരം മദ്യപാനിയാണ്. പലപ്പോഴും മദ്യപിച്ച ശേഷം വീട്ടിലെത്തിയാൽ എന്നെ സംശയിക്കുകയും തെറി പറയുകയും ചിലപ്പോഴൊക്കെ ദേഹോപദ്രവം ഏല്പിക്കുകയും ചെയ്യാറുണ്ട്. എനിക്ക് ഇയാളോടൊപ്പമുള്ള ജീവിതം മടുത്തു. വിവാഹബന്ധം വേർപെടുത്തിയാലോ എന്ന് പലപ്പോഴും ചിന്തിക്കുന്നു. എന്നെപ്പോലെ ബുദ്ധിമുട്ടുന്ന അനേകം അമ്മമാർ ഉണ്ടെന്നറിയാം അവർക്കേവർക്കും വേണ്ടി താങ്കളുടെ വിലയേറിയ ഉപദേശങ്ങൾ ഹവിസ്സിലൂടെ നൽകിയാലും.

ഉത്തരം: മദ്യപാനം നമ്മുടെ യുവതലമുറയെ വല്ലാതെ ബാധിച്ചിരിക്കുന്ന ഒരു കാലഘട്ടമാണിത്. അതിനാൽ മദ്യപാനം മൂലം ഉണ്ടാകുന്ന പ്രശ്നങ്ങളും ഏറിയിരിക്കുന്നു. വെറുതെ ഒരു രസത്തിന് സുഹൃത്തുക്കളുടെ നിർബന്ധത്തിനു വഴങ്ങിത്തുടങ്ങുന്ന മദ്യപാനം ഒരു നിത്യ കലാപരിപാടിയായി മാറുമ്പോൾ അത് മദ്യപന്റെ മാനസികവും ശാരീരികവും ആയ ആരോഗ്യത്തെ മാത്രമല്ല അയാളുടെ കുടുംബ ബന്ധങ്ങളെയും സാമൂഹിക ബന്ധങ്ങളെയും തൊഴിലിനെയും എല്ലാം ബാധിക്കുന്നു. ആദ്യമായി മനസ്സിലാക്കേണ്ടത് മദ്യപൻ ഒരു രോഗിയാണെന്നാണ്. മദ്യപാനത്തെ കടുത്ത മാനസിക രോഗത്തിന്റെ പട്ടികയിലാണ് വൈദ്യസമൂഹം പെടുത്തിയിരിക്കുന്നത്. മരുന്നുകൾ കൊണ്ടു മാത്രം ഇതിനു പരിഹാരം ഉണ്ടാകുക അസാധ്യമാണ്. മരുന്നുകളോടൊപ്പം കൗൺസലിംഗ് നല്ല ഫലം കാണിക്കാറുണ്ട്. പക്ഷേ, വീണ്ടും മദ്യപാനത്തിലേയ്ക്ക് തിരിച്ചു പോകാതിരിക്കണമെങ്കിൽ ആരോഗ്യകരമായ ഒരു ജീവിത ശൈലി കൂടി പിന്തുടരേണ്ടിയിരിക്കുന്നു. ഇതിന് ആദ്ധ്യാത്മിക കൗൺസലിംഗ് സഹായിക്കും.

വിവാഹ മോചനം അവസാന പടിയാണ്. അതിന് രണ്ടു കൂട്ടരുടേയും സമ്മതം ആവശ്യമുണ്ട്. അല്ലെങ്കിൽ, നിരന്തരമായ മാനസിക-ശാരീരിക പീഢനങ്ങൾക്ക് കുട്ടി വിധേയയാകുന്നുണ്ടെന്ന് തെളിയിക്കേണ്ടി വരും. കുട്ടി മനസ്സിലാക്കേണ്ട ഒരു കാര്യം, കുട്ടിയുടെ ഭർത്താവിന്റെ മദ്യപാനം തുടർന്നു കൊണ്ടു പോകുന്നതിൽ കുട്ടിയുടെ ഭാഗത്തു നിന്നുള്ള നല്ല സഹകരണം അയാൾക്ക് ഉറപ്പാകുന്നുണ്ട് എന്നതാണ്. മദ്യപാനികൾ പൊതുവെ അവരുടെ ദൈനംദിന കൃത്യങ്ങൾ ചെയ്യുവാൻ അപ്രാപ്യരായിരിക്കും. അതായത് വീട്ടിലെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിനോ കുട്ടികളുടെ പഠന കാര്യങ്ങളിൽ ശ്രദ്ധിക്കുന്നതിനോ വീട്ടിലേയ്ക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങിക്കൊണ്ടു വരുന്നതിനോ, എന്തിന് ആഹാരം പാകം ചെയ്യുന്നതിനും കഴിച്ച പാത്രം കഴുകി വയ്ക്കുന്നതിനും തുണി അലക്കുന്നതിനും ഒന്നും അയാൾക്ക് സമയവും ഉണ്ടാകില്ല, അതിനുള്ള അവസ്ഥയും അയാൾക്കുണ്ടാകില്ല. ഇതിനെല്ലാം അയാൾക്ക് മററാരെയെങ്കിലും കൃത്യമായി ആശ്രയിക്കേണ്ടി വരും. ഈ കർത്തവ്യങ്ങളെല്ലാം കുട്ടി ഭംഗിയായി നിറവേററുന്നതാണ് അയാളുടെ മദ്യപാനം വർദ്ധിക്കുവാൻ കാരണം. മദ്യപിച്ചു വന്നു കഴിഞ്ഞാൽ, നിസ്സഹകരണം പ്രകടിപ്പിക്കുകയോ ദേഷ്യപ്പെടുകയോ ചെയ്യുന്നതിനു പകരം, അയാൾക്ക് ബോധമുള്ളപ്പോൾ കാര്യങ്ങൾ വ്യക്തമാക്കുക. ഇനി മുതൽ മദ്യപിച്ചു വന്നാൽ അയാളുടെ കാര്യങ്ങൾ ചെയ്യുവാൻ കുട്ടി തയ്യാറല്ല എന്ന് തുറന്നു പറയുക. ഒപ്പം ഇത് അയാളോടുള്ള സ്നേഹക്കുറവു കൊണ്ടല്ലെന്നും വ്യക്തമാക്കുക. മദ്യപിക്കാത്ത അവസരങ്ങളിൽ അയാളുമായി വളരെ സ്നേഹത്തോടെ പെരുമാറുകയും വേണം. സാധ്യമാകുമെങ്കിൽ, ഒരു ഫാമിലി കൗൺസലറെ കാണുന്നത് ഏറെ നന്നായിരിക്കും. സമീപത്തുള്ള ബ്രഹ്മാകുമാരീസ് സേവന കേന്ദ്രങ്ങളിലും സൗജന്യമായി കൗൺസലിംഗ് സൗകര്യം ലഭ്യമാണ്.



നിരാകാരനും ജ്യോതിസ്വരൂപനും ധർമ്മപിതാക്കന്മാരുൾപ്പടെ എല്ലാ ആത്മാക്കളുടെയും പരമപിതാവും സർവ്വജ്ഞനും സർവ്വശക്തനും സർവ്വഗുണങ്ങളുടെ സാഗരനും ജനന-മരണരഹിതനും പരംധാമ നിവാസിയും പരമപുരുഷനും സനാതനധർമ്മ സ്ഥാപകനും ഗീതാജ്ഞാന ദാതാവുമായ പരമാത്മാവ് കലിയുഗമൊടുവിൽ ഭാരത ഭൂമിയിൽ ദിവ്യാവതാരം ചെയ്ത് എല്ലാ ജീവാത്മാക്കൾക്കുമായി നൽകുന്ന ***ദിവ്യസന്ദേശം***

എന്റെ പ്രിയപ്പെട്ട ആത്മീയ സന്താനങ്ങളെ, ബാഹ്യമായി കാണുന്ന പ്രകൃതി നിർമ്മിതമായ, നശ്വരമായ ദേഹമല്ല നിങ്ങൾ, നിങ്ങൾ അനശ്വരമായ, പ്രകാശസ്വരൂപമായ ആത്മാക്കളാണ്. ഭൂമിയാകുന്ന കർമ്മക്ഷേത്രത്തിൽ നടക്കുന്ന അവിനാശീ നാടകത്തിൽ ശരീരമാകുന്ന വസ്ത്രം ധരിച്ച് നിങ്ങൾ അഭിനയിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ നിങ്ങളുടെ അനശ്വരപിതാവാണ്. നിങ്ങളെന്നെ ശിവൻ, യഹോവ, അള്ളാഹു എന്നെല്ലാം വിളിച്ചു. പ്രവാചകന്മാരും ഗുരുക്കന്മാരും എന്നിലേയ്ക്കാണ് വിരൽ ചൂണ്ടിയത്. നിങ്ങൾ അമ്പലങ്ങളും പള്ളികളും ഗുരദ്വാരകളും പണിത് എന്നെ ആരാധിച്ചു. നിങ്ങൾ എനിക്ക് വേണ്ടി എത്രയോ ത്യാഗങ്ങൾ സഹിച്ചു, ഭക്തി ചെയ്തു. എത്ര ഗ്രന്ഥങ്ങളിൽ എന്നെക്കുറിച്ച് പറയാൻ നിങ്ങൾ ശ്രമിച്ചു. ഒരു ഭാഗത്ത് നിങ്ങൾ എന്നെ വിളിച്ചു കൊണ്ടിരിക്കുന്നു, മറുഭാഗത്ത് ഞാൻ തൂണിലും തുരുമ്പിലുമുണ്ടെന്ന് നിങ്ങൾ പറയുന്നു. ദേഹബോധത്തിന്റെ ഇരുട്ടിൽ ആർക്കും തന്നെ എന്നെ ശരിയായി മനസ്സിലാക്കാൻ കഴിഞ്ഞില്ല.

എന്റെ ശരിയായ പരിചയം നൽകുവാൻ എനിക്കേ കഴിയൂ. എന്റെ രൂപം ജ്യോതിസ്വരൂപ മാണ്. ഞാൻ നിങ്ങളുടെ അച്ഛനും ശിക്ഷകനും, സദ്ഗുരുവുമാണ്, ഞാനാണ് നിങ്ങളുടെ സർവ്വ ബന്ധു. നിങ്ങളും ഞാനും പരംധാമ നിവാസികളാണ്. ഈ സൃഷ്ടിയിൽ എപ്പോൾ അധർമ്മം നിറയുന്നു, അപ്പോൾ വന്നു കൊള്ളാമെന്ന് ഞാൻ നിങ്ങൾക്ക് വാക്കു നൽകിയിട്ടുണ്ട്. കഴിഞ്ഞ കല്പാവസാനം നടന്ന മഹാഭാരതയുദ്ധകാലഘട്ടത്തിൽ ഞാൻ വന്നിരുന്നു, നിങ്ങളെ പഠിപ്പിച്ചി രുന്നു. ഒരു അർജ്ജുനനെ പഠിപ്പിക്കാനല്ല ഞാൻ വന്നത്. ജ്ഞാനത്തിന് അർഹരായ എല്ലാവ രേയും ഞാൻ പഠിപ്പിച്ചിരുന്നു. വീണ്ടും കാലം കലിയുഗത്തിന്റെ അന്തിമത്തിലെത്തിയിരിക്കുക യാണ്. സർവ്വസംഹാരിയായ മഹാഭാരതയുദ്ധമാണ് മുന്നിൽ. ഞാൻ ഭാരതഭൂമിയിൽ അവതരിച്ച് ജ്ഞാനയജ്ഞം രചിച്ചിരിക്കുകയാണ്. ഗീതാജ്ഞാനമാകുന്ന ഗംഗയിൽ കുളിപ്പിച്ച് നിങ്ങളെ പവിത്രമാക്കുവാൻ ഞാൻ വന്നിട്ടുണ്ട്. നിങ്ങളുടെ മതഗ്രന്ഥങ്ങളിൽ പറയുന്ന, ആത്മാക്കളുടെ പുനരുദ്ധാരണത്തിന്റേയും ധർമ്മത്തിന്റെ പുനഃസ്ഥാപനയുടെയും നാളുകൾ വന്നിരിക്കുകയാണ്. ഈ സമയം നിങ്ങൾ ദേഹസഹിതം ദേഹത്തിന്റെ സകല സംബന്ധങ്ങളേയും ബുദ്ധി കൊണ്ട് മറന്ന് ആത്മബോധത്തിൽ നിരന്തരം എന്നെ ഓർമ്മിക്കൂ. ഞാൻ ഉറപ്പു നൽകുന്നു, ഈ ഓർമ്മ യിലൂടെ നിങ്ങളുടെ ജന്മ-ജന്മങ്ങളിലെ പാപം നശിക്കും, 21 ജന്മത്തേയ്ക്ക് സുഖവും സമൃദ്ധിയും ലഭിക്കും. എനിക്ക് നിങ്ങളോട് എന്താണോ പറയാനുള്ളത് അത് പൂർണ്ണമായി കേൾക്കുവാൻ ഞാൻ സ്ഥാപിച്ചിരിക്കുന്ന വിദ്യാലയത്തിലേയ്ക്ക് നിങ്ങളെ ക്ഷണിക്കുകയാണ്. ഓർക്കുക, നിങ്ങൾ ജന്മ-ജന്മങ്ങളിൽ എന്നെ വിളിച്ചിട്ടുണ്ട്. ഞാൻ നിങ്ങളെ വിളിക്കുന്നത് ഇപ്പോൾ മാത്രം. ഈ വർത്തമാന കാലത്തിൽ ഈ ഭൂവിലേയ്ക്കുള്ള എന്റെ ദിവ്യ അവതരണം നിങ്ങൾ അറിഞ്ഞിരുന്നില്ല എന്ന് പിന്നീട് പറയേണ്ടിവരാതിരിക്കുവാൻ ഞാൻ നിങ്ങൾക്ക് ഇപ്പോൾ ക്ഷണമേകുകയാണ്.

# ഈശ്വരീയ സേവനം കേരളത്തിൽ



കൊല്ലം രാജയോഗാ സേവാകേന്ദ്രത്തിൽ നടന്ന ശിവജയന്തി മഹോത്സവ സമ്മേളനം മഹിളാ കോൺഗ്രസ് പ്രസിഡന്റ് അഡ്വ. ബിന്ദുകൃഷ്ണ ഉദ്ഘാടനംചെയ്ത് സംസാരിക്കുന്നു ഒപ്പം ബി.കെ. പങ്കജം, ബി.കെ. രഞ്ജിനി



കൊല്ലം ബ്രഹ്മാകുമാരീസ് രാജയോഗ സേവാകേന്ദ്രത്തിൽ ശിവജയന്തി മഹോത്സവത്തോടനുബന്ധിച്ച് ബി.കെ രഞ്ജിനി പതാക ഉയർത്തുന്നു.




കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ ഫെബ്രു. 21 മുതൽ 26 വരെ നടന്ന ഗ്ലോബൽ ആയുർവ്വേദിക്ക് ഫെസ്റ്റിവലിൽ ബ്രഹ്മാകുമാരീസ് കൊച്ചി സംഘടിപ്പിച്ച ഹെൽത്ത് എക്സിബിഷൻ.



കണ്ണൂർ ബ്രഹ്മാകുമാരീസ് രാജയോഗ സേവാകേന്ദ്രത്തിൽ ശിവജയന്തി മഹോത്സവ പരിപാടി നഗരസഭാ ചെയർ പേഴ്സൺ ശ്രീമതി റോഷ്നി ഖാലിദ് ഉദ്ഘാടനം ചെയ്യുന്നു. വേദിയിൽ ശ്രീമതി മംഗളവർമ്മ തമ്പുരാട്ടി, അഡ്വ. എൻ.സി. ജെയിംസ്, ബി.കെ മീനാക്ഷി.



കോഴിക്കോട് എലത്തൂർ ബ്രഹ്മാകുമാരീസ് രാജയോഗ സേവാകേന്ദ്രത്തിൽ ശിവജയന്തി മഹോത്സവത്തോടനുബന്ധിച്ച് ബി.കെ പവിത്രൻ പതാക ഉയർത്തുന്നു.